# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

**2023-2024**



**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**ജില്ലാ ഓഡിറ്റ് കാര്യാലയം**

**കോട്ടയം-686001**

**ഇ-മെയിൽ:** doktm.ksad@kerala.gov.in

**ഫോൺ : 0481-2564886**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെറ്റി എം പി15-1882/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 29/11/2024
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
2.അസി.ഡവലെപ്മെന്റ് കമ്മീഷണർ (ജനറൽ), കോട്ടയം
3.ഓഫീസ് കോപ്പി

നമ്പർ: കെ എസ് എ കെറ്റി എം പി15-1882/2024 തീയ്യതി: 29/11/2024

## കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-06-2023 മുതൽ 31-10-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു സി ജോർജ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 05-11-2024 | 15-11-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 05-11-2024 | 15-11-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ഡാനിമോൾ കെ ജെ, ഓഡിറ്റ് ഓഫീസർ

രാജേഷ് എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

സിനിമോൾ എബ്രഹാം, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എൻ രാജു | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| ഷാജി ജേക്കബ് | സെക്രട്ടറി | 01-04-2023 | 01-11-2023 |

| | | | |
|---|---|---|---|
| എറിക് ജെ സഖറിയാസ് | സെക്രട്ടറി | 02-11-2023 | 20-01-2024 |
| ഷാജി ജേക്കബ് | സെക്രട്ടറി | 21-01-2024 | 31-01-2024 |
| എറിക് ജെ സഖറിയാസ് | സെക്രട്ടറി | 01-02-2024 | 31-03-2024 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ജിതിൻ ബോസ് കെ ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 07-09-2023 |
| ഹെബ്രു എം ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 08-09-2023 | 29-02-2024 |
| അനീഷ് റ്റി എ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-03-2024 | 31-03-2024 |
| ജയകുമാരി പി ബി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| സിന്ധു കെ പി | സി ഡി പി ഒ | 01-04-2023 | 31-03-2024 |
| രാജശ്രീ വി | അഡീഷണൽ ഐ സി ഡി എസ് ഓഫീസർ | 01-04-2023 | 31-03-2024 |
| പ്രേംകുമാർ എൻ എം | പട്ടികജാതി വികസന ഓഫീസർ | 01-04-2023 | 26-07-2023 |
| അജിത് കുമാർ എം ആർ | പട്ടികജാതി വികസന ഓഫീസർ | 27-07-2023 | 31-03-2024 |
| സെബാസ്റ്റ്യൻ ഡൊമനിക് | വ്യവസായ വികസന ഓഫീസർ | 01-04-2023 | 31-03-2024 |
| ഡോ. അനീന സൂസൻ സഖറിയ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2023 | 31-03-2024 |
| ഡോ. സിജി വർഗ്ഗീസ് | മെഡിക്കൽ ഓഫീസർ , സിഎച്ച്സി വാകത്താനം | 01-04-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമല്ല | 1-1-1 |
| 3 | ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-3 |
| 5 | ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമായില്ല | 1-1-4 |
| 6 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-5 |
| 7 | ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തുന്നില്ല | 1-1-6 |
| 8 | നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല | 1-1-7 |
| 9 | ബജറ്റ് | 1-2 |
| 10 | സാമ്പത്തിക വിശകലനം | 1-3 |
| 11 | ഗ്രാന്റ് വിനിയോഗം | 1-4 |
| 12 | പദ്ധതി അവലോകനം | 1-5 |
| 13 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ പദ്ധതി | 1-6 |
| 14 | സാമൂഹ്യ സുരക്ഷപദ്ധതികൾ | 1-7 |
| 15 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 16 | ആഭ്യന്തര നിയന്ത്രണ സംവിധാനം | 1-9 |
| 17 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 18 | രസീത് ബുക്കുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല | 1-11 |
| 19 | ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭിക്കുന്നില്ല | 1-12 |
| 20 | സ്കൂളുകളുടെ കെട്ടിടങ്ങൾക്ക് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് - ഫീസ് സർക്കാരിലേയ്ക്ക് ഒടുക്കാതെ തനത് ഫണ്ടായി പരിഗണിക്കുന്നു. | 1-13 |
| 21 | നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം, തുകയുടെ വിനിയോഗവിവരം ലഭ്യമല്ല. | 1-14 |
| 22 | പി.എം.എ.വൈ.ഭവനനിർമ്മാണപദ്ധതി - ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല - തുടർനടപടികൾ അനിവാര്യം | 1-15 |
| 23 | വനിതാ ഭക്ഷ്യസംസ്കരണയൂണിറ്റ്, ഇൻകുബേഷൻ/ഫെസിലിറ്റേഷൻ സെന്റർ -മാർഗ്ഗരേഖ വ്യവസ്ഥകൾ പാലിച്ചില്ല-ലക്ഷ്യം കൈവരിച്ചില്ല. | 1-16 |
| 24 | മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ലൈബ്രറിക്ക് സാംസ്കാരിക നിലയം നിർമ്മാണം ഏറ്റെടുത്തു | 1-17 |
| 25 | ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- കാര്യക്ഷമമായ തുടർ പരിശോധന അനിവാര്യം | 1-18 |
| 26 | നിക്ഷേപ പ്രവൃത്തികൾ -അവലോകനം | 1-19 |
| 27 | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് പ്രയോജനപ്പെടുന്നില്ല | 1-20 |
| 28 | കൊച്ചീത്രക്കടവ് തോടിന് സംരക്ഷണഭിത്തി -ബ്ലോക്ക് പഞ്ചായത്തിന്റെ സംരക്ഷണ ചുമതലയില്ലാത്ത പ്രവൃത്തി നടത്തി | 1-21 |
| 29 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ അവശേഷിക്കുന്നു | 1-22 |
| 30 | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഡസ്റ്റ് റിമൂവൽ ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ - യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല | 1-23 |
| 31 | വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷത്തൈ വിതരണം - അപാകതകൾ | 1-24 |

| | | |
|---|---|---|
| 32 | പാടശേഖര സമിതികൾക്ക് പമ്പ് സെറ്റ് വാങ്ങൽ- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ | 1-25 |
| 33 | കൃഷി കൂട്ടങ്ങൾക്ക് പച്ചക്കറി വിത്തുകൾ /തൈകൾ വിതരണം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ | 1-26 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നലകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. **മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ** 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 2(1)/18.06.2024 നം. തീരുമാനം പ്രകാരം അംഗീകരിച്ച്, 19.06.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215 (4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങൾ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോട് കൂടിയ അഭിപ്രായം**

**അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024-ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും, 31.03.2024 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.**

### 1-1-1 ജനറൽ ഫണ്ട്, ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ എന്നിവയുടെ കൃത്യത വ്യക്തമല്ല

പഞ്ചായത്തിന്റെ 31.03.2024 തീയതി പ്രകാരമുള്ള ബാലൻസ്ഷീറ്റ് പ്രതിഫലിപ്പിക്കുന്ന ജനറൽ ഫണ്ട്,

ക്യാപ്പിറ്റൽ റിസേർവ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമല്ല. ആസ്തി/ബാധ്യതകളുടെ മൂല്യം അന്തിമമായി നിർണ്ണയിക്കാത്തതിനാൽ ജനറൽ ഫണ്ട് താൽക്കാലികമായി മാത്രമാണ് നിർണ്ണയിച്ചിട്ടുള്ളത്.

**1-1-2 ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.**

26.07.2011-ലെ ജി.ഒ (എം.എസ്) 152/2011-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. വാർഷികകണക്ക് ബാലൻസ് ഷീറ്റ് ബി11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള തനത്/പൊതു ആസ്തികളുടെ മൂല്യനിർണ്ണത്തിന്റെയും യഥാർത്ഥത്തിലുള്ള നിലനില്പിന്റെയും (Existence) നിജസ്ഥിതി വ്യക്തമല്ല. (ഉദാ. Micro Hydel Project 40.74 Lakhs, Elcctricity Street Light 11.62 Lakhs).

**1-1-3 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ അവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല**

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 58 പ്രകാരം, പഞ്ചായത്ത് ഫണ്ടിലേക്ക് ലഭിച്ച വിവിധ നിക്ഷേപങ്ങളുടെ മുന്നിരിപ്പ്, തൻവർഷ വരവ്/റീഫണ്ട് ഇടപാടുകൾ, നീക്കിയിരിപ്പ് എന്നിവ വ്യക്തമാക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്റർ, സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ, എന്നിവ സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഈ ഇനത്തിലുള്ള ബാധ്യതയുടെ നിജസ്ഥിതി വ്യക്തമല്ല.

**1-1-4 ആസ്തികളുടെ മൂല്യശോഷണമായി അക്കൗണ്ട് ചെയ്തതിന്റെ അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമായില്ല**

വിവിധ സ്ഥിര ആസ്തികളുടെ മൂല്യശോഷണ ഇനത്തിൽ അക്കൗണ്ട് ചെയ്യപ്പെട്ട തുക കണക്കാക്കിയതിന്റെ അടിസ്ഥാനം, അനുബന്ധരേഖകൾ, കാൽക്കുലേഷൻ ഷീറ്റ് എന്നിവ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയിട്ടുള്ള പ്രൊവിഷന്റെ കൃത്യത ഉറപ്പുവരുത്താൻ സാധിക്കുന്നില്ല.

**1-1-5 മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.**

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി ഭരണ നിർവ്വഹണത്തിന്റെ ഭാഗമായുള്ള വരവ് /ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെട്ടിട്ടില്ല.

**1-1-6 ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ശീർഷകത്തിൽ പാർട്ട് ബിൽ തുകകൾ ഉൾപ്പെടുത്തുന്നില്ല**

2023-24 വർഷം അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പലതിനും പാർട്ട് ബിൽ നല്കിയിട്ടുണ്ട് . എന്നാൽ ആയതിന് തുല്യമായ തുക (ബി 11 എ ) വർക്ക് ഇൻ പ്രോഗ്രസ്സിനുള്ള ശീർഷകത്തിൽ പ്രതിഫലിക്കുന്നില്ല.

**1-1-7 നിക്ഷേപ പ്രവൃത്തികൾക്ക് നല്കിയ തുക ബാലൻസ് ഷീറ്റിൽ പ്രതിഫലിക്കുന്നില്ല**

2023-24 വർഷം കേരള ഭൂജല വകുപ്പിൽ 899800 രൂപയും KSEB യിൽ 2672794 രൂപയും നിക്ഷേപിച്ചിട്ടുണ്ടെങ്കിലും RP 47 പ്രകാരം KSEB യിൽ നിക്ഷേപിച്ച ഇനത്തിൽ 1999936/- രൂപ മാത്രമാണ് സിവിൽ അഡ്വാൻസ് ഇനത്തിലെ ചെലവായി അക്കൗണ്ട് ചെയ്തിട്ടുള്ളത്. ബാലൻസ് ഷീറ്റ് പ്രകാരം മുൻ വർഷങ്ങളിൽ നിക്ഷേപിച്ചതും വിനിയോഗവിവരം ലഭിക്കാത്തതുമായ തുകകൾ ക്രമീകരിക്കാനുള്ള നിക്ഷേപം (സിവിൽ അഡ്വാൻസ്) എന്ന ഇനത്തിൽ ആസ്തിയായി നിശ്ചിത ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല. ആധികാരികമായ വിനിയോഗസാക്ഷ്യപത്രം ലഭിക്കാതെ തന്നെ ചെലവ് മൂലധന ശീർഷകത്തിൽ തെറ്റായി ചേർത്തിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ റെക്റ്റിഫിക്കേഷൻ നടത്തേണ്ടതുമാണ്.

## 1-2 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള ബജറ്റ്, ഭരണസമിതിയുടെ 25.03.2023 -ലെ 1 (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് – ചെലവ് കണക്കുകളും, യഥാർത്ഥത്തിലുള്ള വരവ് – ചെലവ് കണക്കുകളും ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് | യഥാർത്ഥത്തിലുള്ളത് |
|---|---|---|
| മുന്നിരിപ്പ് | 9000000 | 2258795 |
| വരവ് | 273466000 | 54123418 |
| ആകെ | 282466000 | 56382213 |
| ചെലവ് | 276107000 | 54453623 |
| നീക്കിയിരിപ്പ് | 6359000 | 1928590 |

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വർഷത്തേയ്ക്കുള്ള ബജറ്റും യഥാർത്ഥ കണക്കുകളും തമ്മിൽ താരതമ്യത്തിന് അതീതമായ വ്യത്യാസം നിലനിൽക്കുന്നു. ബജറ്റിൽ വകയിരുത്തിയിട്ടുള്ള ചില ഇനങ്ങളുടെ സാമ്പത്തിക വിനിമയങ്ങൾ (MLA, MP പ്രാദേശിക ഫണ്ടിനത്തിൽ ബജറ്റിൽ വകയിരുത്തിയിരിക്കുന്നത് 3.5 കോടി രൂപയാണ്, എന്നാൽ ഇവയുടെ വരവ്/ചെലവ് കണക്കുകൾ വാർഷികകണക്കിൽ ഉൾപ്പെടുന്നില്ല) നേരിട്ട് ബ്ലോക്ക് പഞ്ചായത്തിന്റെ അക്കൗണ്ട് മുഖാന്തിരം ഇവയുടെ സാമ്പത്തിക വിനിമയം നിർവ്വഹിക്കപ്പെടാത്തതിനാൽ ഇവ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കാത്തതുമൂലമാണ് വലിയ തോതിലുള്ള വ്യതിചലനം കാണുന്നത്. പഞ്ചായത്ത് രാജ് നിയമം അനുശാസിച്ചിട്ടുള്ള നടപടിക്രമങ്ങൾ പാലിച്ച് ബജറ്റ് ശാസ്ത്രീയമായി തയ്യാറാക്കേണ്ടതും പ്രത്യക്ഷ വ്യതിയാനങ്ങൾ കുറിപ്പുകളിലൂടെ വിശദീകരിക്കേണ്ടതുമാണ്.

## 1-3 സാമ്പത്തിക വിശകലനം

**റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം**

| | |
|---|---|
| മുന്നിരിപ്പ് | 2258795 |
| ഓഡിറ്റ് വർഷത്തെ വരവ് | 54123418 |
| ആകെ | 56382213 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 54453623 |
| നീക്കിയിരിപ്പ് | 1928590 |

**ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം**

| ഇനം | തുക |
|---|---|
| ആകെ വരുമാനം | 41379098 |
| ആകെ ചെലവ് | 39435714 |
| പ്രവർത്തന മിച്ചം | 1943384 |
| മുൻകാല അക്കൗണ്ടിംഗ് ക്രമീകരണം (Prior Period Adjustment) | 22101 (-) |
| അറ്റ പ്രവർത്തന നഷ്ടം | 1921283 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്) | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| (സർചാർജ് ചെയ്യാവുന്നത്) | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | **4343646** |

**1-4 ഗ്രാന്റ് വിനിയോഗം**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

| ഫണ്ട് | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| വികസന ഫണ്ട് (പൊതു വിഭാഗം) | 0 | 23312000 | 23312000 | 18019333 | 5292667 | 77.30 |
| വികസന ഫണ്ട് (എസ്. സി. എസ്. പി) | 0 | 12521000 | 12521000 | 8337854 | 4183146 | 66.59 |
| വികസന ഫണ്ട് (ടി. എസ്. പി) | 0 | 87000 | 87000 | 58000 | 29000 | 66.66 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 0 | 2782600 | 2782600 | 2780915 | 1685 | 99.93 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied) | 71864 | 2895000 | 2966864 | 2953460 | 13404 | 99.54 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (UnTied) | 929741 | * 3885357 | 4815098 | 4241617 | 573481 | 88.08 |

* 38,60,000/- (CFC Grant) + 25,357/- (Bank Interest) = 38,85,357/-

ധനകാര്യ വകുപ്പിന്റെ 15.07.2021 -ലെ ജി. ഒ (എംഎസ്) 79/2021 നമ്പർ ഉത്തരവനുസരിച്ച്, ഒരു സാമ്പത്തിക വർഷം അനുവദിക്കുന്ന വികസന ഫണ്ട്, ആസ്തി പരിപാലന ഗ്രാന്റ് വിഹിതങ്ങൾ പൂർണ്ണമായി ചെലവഴിക്കാത്ത പക്ഷം, ആകെ അനുവദിച്ച തുകയുടെ പരമാവധി 20 % മാത്രമാണ് അടുത്ത സാമ്പത്തിക വർഷത്തെ വിനിയോഗത്തിന് ക്യാരിഓവർ വിഹിതമായി വ്യവസ്ഥകൾക്ക് വിധേയമായി ലഭ്യമാകുന്നത്. ചെലവ് പരിധി 80 % കൈവരിക്കാത്ത സാഹചര്യത്തിൽ യഥാർത്ഥ ചെലവും അലോട്ട്മെന്റിന്റെ 80 % -വും തമ്മിലുള്ള വ്യത്യാസം (Total Allotment X 80% - Actual Expenditure) ഷോർട്ട് ഫോളായി പരിഗണിച്ച് തുടർന്നു വരുന്നതിന്റെ അടുത്ത സാമ്പത്തിക വർഷത്തെ അലോട്ട്മെന്റിൽ നിന്ന് കുറവു വരുത്തുന്നതാണ്. 2023-24 സാമ്പത്തിക വർഷം ബ്ലോക്ക് പഞ്ചായത്തിന്, വികസനഫണ്ട് - പൊതു വിഭാഗം, എസ്. സി. എസ്. പി, ടി. എസ്. പി എന്നീ ഇനങ്ങളിൽ ഷോർട്ട് ഫോൾ ഒഴിവാക്കുന്നതിന് മിനിമം 80% എന്ന വിനിയോഗലക്ഷ്യം കൈവരിക്കാനായിട്ടില്ല.

## 1-5 പദ്ധതി അവലോകനം

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക പദ്ധതിയ്ക്ക്, പഞ്ചായത്ത് ഭരണസമിതിയുടെ 08.03.2023 ലെ 2(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ജില്ലാ ആസൂത്രണ സമിതിയുടെ 03.02.2024-ലെ 83898/23/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

വാർഷിക പദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 4.01.2023 |
| പദ്ധതി രൂപീകരണ ഗ്രാമസഭ | 20.01.2023 |
| വികസന സെമിനാർ | 17.02.2023 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം (%) | ചെലവ് ശതമാനം (%) |
|---|---|---|---|---|---|---|
| 129 | 98 | 75954041 | 39920280 | 31 | 76 | 52.56 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | എറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | ആകെ ചെലവ് |
|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 9 | 7 | 4430000 | 3461281 |
| സെക്രട്ടറി | 47 | 31 | 34471022 | 15632203 |
| പട്ടികജാതി വികസന ഓഫീസർ | 4 | 4 | 5019433 | 2655271 |
| മെഡിക്കൽ ഓഫീസർ, സി. എച്ച്. സി | 5 | 5 | 4043779 | 3786658 |
| അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) | 9 | 9 | 2479108 | 1349776 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 6 | 3 | 3250000 | 1650197 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ | 6 | 4 | 1711275 | 754910 |

| | | | | |
|---|---|---|---|---|
| ഓഫിസർ | | | | |
| അസിസ്റ്റന്റ് എഞ്ചിനീയർ | 43 | 35 | 20549424 | 10629984 |
| ആകെ | 129 | 98 | 75954041 | 39920280 |

വർഷാവസാനം തുക പിൻവലിക്കുന്നതിന് ചില സാമ്പത്തിക നിയന്ത്രണങ്ങൾ നിലനിന്നതുകൊണ്ട് മാത്രമല്ല അംഗീകാരം ലഭിച്ച പല പ്രോജക്റ്റുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുംമൂലം ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിചെലവ് ശതമാനം വളരെയധികം കുറഞ്ഞുപോയതായി കാണുന്നു. വികസന/ക്ഷേമ പ്രവർത്തനങ്ങൾക്കായി തയ്യാറാക്കുന്ന പ്രോജക്റ്റുകൾ പദ്ധതി സബ്സിഡി മാർഗരേഖകൾക്ക് അനുസൃതമായി സമയബന്ധിതമായി നടപ്പാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതും സർക്കാർ ഗ്രാന്റ് നഷ്ടമാകുന്ന സാഹചര്യം തുടർ വർഷങ്ങളിൽ ഒഴിവാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

നിക്ഷേപ പ്രവൃത്തികളായി തയ്യാറാക്കിയ പ്രോജക്റ്റുകളിൽ ഭൂരിഭാഗവും കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിക്കുന്നതിന് വേണ്ടിയുള്ളതായിരുന്നു. കൂടാതെ, സംസ്ഥാന ഭൂജല വകുപ്പിലും തുക നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ ടി പ്രോജക്റ്റുകളുടെ ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന യാഥാർത്ഥ്യത്തിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. (വിശദാംശങ്ങൾ ഈ റിപ്പോർട്ടിന്റെ ഖണ്ഡിക 1.14ലും 1.19ലും പരാമർശിച്ചിട്ടുണ്ട്.) സാമ്പത്തിക ലക്ഷ്യം (Financial Target) കൈവരിക്കുന്നതിനോടൊപ്പം ഭൗതിക ലക്ഷ്യം (Physical Target) കൈവരിക്കൽ ഉറപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതുണ്ട്. ഈ റിപ്പോർട്ടിലെ 1.4ൽ പട്ടികപ്പെടുത്തിയിട്ടുള്ളത് പ്രകാരം വിവധയിനം ഫണ്ടുകൾ ലാപ്സാകുന്നതിനുള്ള സാധ്യത നിലനിൽക്കുന്നതോടൊപ്പം തന്നെ SCP, TSP വിഭാഗം ഫണ്ടുകളിൽ 80% ൽ കുറഞ്ഞ വിനിയോഗം സംഭവിച്ചത് മൂലമുള്ള പരിഹാര വകയിരുത്തൽ പൊതുവിഭാഗം ഫണ്ടിൽ നിന്ന് കുറവ് ചെയ്യേണ്ടി വരുന്നത് മൂലം തുടർ വർഷത്തിൽ വിഭാഗം തിരിച്ചുള്ള ഫണ്ട് വകയിരുത്തലിൽ അസന്തുലിതാവസ്ഥ സംജാതമാകാനുള്ള സാധ്യതയും നിലനിൽക്കുന്നു.

കൃഷി ഓഫീസർ നിർവഹിച്ച ഗ്രൂപ്പ് സംരംഭങ്ങളിൽ പലതും വ്യക്തിഗതമായിട്ടാണ് നടപ്പാക്കിയത്. ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ കാർഷിക പ്രോജക്റ്റുകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ മാത്രമേ ഏറ്റെടുക്കാൻ പാടുള്ളൂ എന്നിരിക്കെ വ്യക്തിഗതമായി ആനുകൂല്യങ്ങൾ അനുവദിച്ച പ്രസ്തുത നടപടി പദ്ധതി നിർവ്വഹണ സബ്സിഡി മാർഗരേഖയുടെ ലംഘനമാണ്. ഇത്തരം പ്രോജക്റ്റുകൾ നടപ്പാക്കുമ്പോൾ പദ്ധതി – സബ്സിഡി മാർഗരേഖകൾ കൃത്യമായി പാലിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പുവരുത്തേണ്ടതാണ്. ഇതു സംബന്ധിച്ച് എക്സിറ്റ് മീറ്റിംഗിൽ ചർച്ച ചെയ്തതിൽ ഗ്രാമപഞ്ചായത്തുകൾ സമയബന്ധിതമായി ഗുണഭോക്താക്കളുടെ ലിസ്റ്റ് കൈമാറാറില്ലെന്നും പലപ്പോഴും ബ്ലോക്ക് പഞ്ചായത്ത് സ്വന്തനിലയിൽ ഗ്രൂപ്പ്-വ്യക്തിഗത ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുകയാണെന്നും പ്രസിഡന്റ് അറിയിച്ചു. പ്രോജക്റ്റുകൾ ശരിയായ രീതിയിലുള്ള ജനകീയാവശ്യങ്ങൾ പരിഗണിച്ച് ശരിയായ പ്രക്രിയയിലൂടെ (Due Process) ഉരുത്തിരിയുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

തൻവർഷത്തെ വാർഷിക പദ്ധതിയുടെ ഭാഗമായി വിവിധ പ്രോജക്റ്റുകളുടെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തുടർ മോണിറ്ററിങ്ങിലും ശ്രദ്ധയിൽപ്പെട്ട അപാകങ്ങൾ ഈ റിപ്പോർട്ടിലെ വിവിധ ഖണ്ഡികകളിലായി പരാമർശിച്ചിട്ടുണ്ട്.അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്റ്റുകൾ, ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്റ്റുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പദ്ധതി നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. വിഷയം പരിഹാര നടപടികൾക്കായി ഭരണസമിതിയുടെയും സ്റ്റാന്റിംഗ്കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

തൻവർഷത്തെ വാർഷിക പദ്ധതിയും സെക്കൻഡറി പാലിയേറ്റീവ് കെയർ പ്രോജക്റ്റിനുവേണ്ടി

സി.എച്ച്.സി മെഡിക്കൽ ഓഫീസർ മുഖേന 1752981/- രൂപ വിനിയോഗിച്ചിട്ടുള്ളത് പ്രത്യേക പരിരക്ഷ ആവശ്യമുള്ള രോഗികൾക്കും പ്രായാധിക്യമുള്ളവർക്കും പ്രയോജനപ്പെട്ടിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്ത് ആസ്ഥാന മന്ദിരത്തിൽ ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിന് പുറമെ കൈമാറ്റം ചെയ്യപ്പെട്ട മറ്റ് ചില വകുപ്പ്തല ഓഫീസുകളും എഞ്ചിനീയറിങ്ങ് വിഭാഗവും പ്രവർത്തിച്ചുവരുന്നു. ബ്ലോക്ക് പഞ്ചായത്ത് കാര്യാലയത്തിലെ നവീകരണ പ്രവൃത്തികൾ എന്ന പേരിൽ വ്യത്യസ്ത പ്രോജക്ടുകളായി നിർമ്മാണ പ്രവർത്തനങ്ങൾ മെയിന്റനൻസ് വേലകളും ഏറ്റെടുത്തിട്ടുണ്ട്. ഇവയ്ക്കുവേണ്ടി പ്രധാനമായും വകയിരുത്തിയിട്ടുള്ളത് ജനറൽ പർപ്പസ് ഗ്രാന്റ് ഇനത്തിലുള്ള തുക ആണെങ്കിലും അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പ്രോജക്ടിനുവേണ്ടി മെയിന്റനൻസ് ഗ്രാന്റ് (റോഡിതരം) ഫണ്ടാണ് വിനിയോഗിച്ചിട്ടുള്ളത്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ബ്ലോക്ക് പഞ്ചായത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നേരിട്ട് പ്രവൃത്തികളൊന്നും നടപ്പാക്കുന്നില്ല. ഭരണനിർവഹണത്തിനും അനുബന്ധചെലവുകൾക്കുമായി ലഭിക്കുന്ന തുകയുടെ ഇടപാടുകളുടെ ഭാഗമായി ബ്ലോക്ക് പ്രോഗ്രാം ഓഫീസർ എന്ന നിലയിൽ നൽകിയിട്ടുള്ള സാമ്പത്തിക വിനിമയങ്ങൾ പോലും ബ്ലോക്ക് പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. പദ്ധതിയുടെ സബ്സിഡിയറി കാഷ് ബുക്ക് പ്രകാരം ഉള്ള തൻവർഷത്തെ വരവ് ചെലവ് കണക്കുകൾ ചുവടെ ചേർക്കുന്നു.

| വരവ് | | ചെലവ് | |
|---|---|---|---|
| മുന്നിരിപ്പ് | 482856 | ഭരണനിർവഹണം-ശമ്പളം അലവൻസുകൾ | 699250 |
| ഭരണനിർവഹണം-ഇ.എഫ്.എം.എസ്. വരവ് | 536439 | പ്രിന്റിംഗ് & സ്റ്റേഷനറി | 30972 |
| 100ദിനങ്ങൾ - പ്രതിഫലം | 943000 | 100ദിനങ്ങൾ - പ്രതിഫലം | 943000 |
| കില - പരിശീലനം | 146800 | പരിശീലനം | 144804 |
| ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് മുൻകൂർ | 730222 | ബ്ലോക്ക് പഞ്ചായത്തിന് മുൻകൂർ തിരികെ | 988548 |
| പലിശ | 4956 | കില - തിരിച്ചടവ് | 1843 |
| | | ജി.ഐ.എസ്. ചെലവ് | 22357.50 |
| | | നീക്കിയിരിപ്പ് | 13498.50 |
| ആകെ | 2844273 | ആകെ | 2844273 |

## 1-7 സാമൂഹ്യ സുരക്ഷപദ്ധതികൾ

2023-24 സാമ്പത്തിക വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ട് മുഖാന്തിരം സാമൂഹ്യസുരക്ഷാ പദ്ധതികളുടെ ചെലവ് നിർവ്വഹിക്കപ്പെട്ടിട്ടില്ല. വാർഷിക കണക്കിലും പ്രസ്തുതയിനത്തിൽ തുകകൾ ഉൾപ്പെട്ടിട്ടില്ല.

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന, 05-11-24 -ന് 3.10 പി.എം.ന് അക്കൗണ്ടന്റ്, കാഷ്യർ എന്നിവരുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനാസമയത്ത് ക്യാഷ് ബാലൻസ് ഉണ്ടായിരുന്നില്ല.

### 1-9 ആഭ്യന്തര നിയന്ത്രണ സംവിധാനം

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 172(1)-ാം വകുപ്പ് പ്രകാരമുള്ള നാലാം പട്ടികയിൽ അനുശാസിച്ചിട്ടുള്ള പൊതു/മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്തിൽ നിലനിൽക്കുന്ന ആഭ്യന്തര നിയന്ത്രണ സംവിധാനം മെച്ചപ്പെടുത്തേണ്ടതുണ്ട്. നാലാം പട്ടികയിൽ വിവരിച്ചിട്ടുള്ള ചുമതലകൾ നിർവ്വഹിക്കാൻ പര്യാപ്തമായവിധം വാർഷിക പദ്ധതി ആസൂത്രണ/രൂപീകരണ/നിർവ്വഹണ ഘട്ടങ്ങൾ ചിട്ടപ്പെടുത്തേണ്ടതുണ്ട്. പ്രോജക്റ്റുകളുടെ നിർവ്വഹണത്തിലൂടെ ലക്ഷ്യമിട്ട ഭൗതിക നേട്ടം കൈവരിച്ചിട്ടുണ്ടോയെന്നുള്ള പരിശോധനയും മോണിറ്ററിങ്ങ് സംവിധാനവും കാര്യക്ഷമമാക്കേണ്ടതുണ്ട്.(പ്രത്യേകിച്ചും ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണം.)

ബ്ലോക്ക് പഞ്ചായത്തിന്റെ ബജറ്റ് രൂപീകരണ നടപടിക്രമങ്ങൾ, ബജറ്റ് ഡോക്യുമെന്റിന്റെ കൃത്യത, ബജറ്ററി കൺട്രോൾ എന്നിവയും നിയമാനുസൃതവും കാര്യക്ഷമവും ആക്കേണ്ടതുണ്ട്. ഫണ്ട് വിനിയോഗത്തിലെ കാര്യക്ഷമതയും തദനുസരണമായ ഭൗതീകനേട്ടം ആർജിക്കുന്നതിലെ പുരോഗതിയും ഉറപ്പാക്കേണ്ടതുണ്ട്.

വാർഷിക ധനകാര്യപത്രികയിലെ വിവിധ ഷെഡ്യൂളുകൾ പ്രതിഫലിപ്പിക്കുന്ന തുകകളുടെ കൃത്യത ഉറപ്പാക്കുന്നതിനുള്ള സപ്പോർട്ടിംങ് രജിസ്റ്ററുകൾ (Deposit Register, Advance Register, Civil Advance Register, Dues To Government And Other Institution Register, DCB Registers മുതലായവ) സൂക്ഷിക്കാത്തതും, അപൂർണ്ണമായി സൂക്ഷിക്കുന്നതുമായ രീതിയാണ് പിന്തുടരുന്നത്.

ബ്ലോക്ക് പഞ്ചായത്തിലെയും കൈമാറ്റം ചെയ്യപ്പെട്ട ഓഫീസുകളിലെയും മനുഷ്യശേഷി കൃത്യമായി ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിലെ അക്കൗണ്ടിങ് നടപടികളിൽ ന്യൂനത നിലനിൽക്കുന്നുണ്ട്.

### 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 28.11.2023 - 03.12.2023 | 2021-2022 | 13/DPAW /KTM/2023 Dt.01-09-2023 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 31-01-2016 To 02-02-2016 | 2013-14 To 2014-15 | OA(HQ)III/III /12-325 /15-16/720 Dt.1.3.2016 |

### 1-11 രസീത് ബുക്കുകൾ കൃത്യമായി പരിപാലിച്ചിട്ടില്ല

ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള തുകയുടെ പിരിവിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് കൃഷി അസിസ്റ്റൻറ് ഡയറക്ടർക്ക് 2023-24 വർഷം 3 രസീത് ബുക്കുകൾ നൽകിയിരുന്നു. (ബുക്ക് നമ്പർ 552, 612, 613). തൻവർഷം നടപ്പിലാക്കിയ 3 പ്രോജക്റ്റുകളിൽ വകയിരുത്തിയിട്ടുള്ള ഗുണഭോക്തൃ വിഹിതം പിരിച്ചെടുക്കാനാണ് ഈ രസീത് ബുക്കുകൾ ഉപയോഗിച്ച് വരുന്നത്. രസീത് ബുക്കുകളുടെയും കളക്ഷൻ രജിസ്റ്ററുകളുടെയും പരിപാലനം തൃപ്തികരമല്ല. ഇതിൽ 613 -ാം നമ്പർ രസീത് ബുക്ക്, 01.04.23 മുതൽ

നാളിതുവരെ ഉപയോഗം തുടർന്നുകൊണ്ടേയിരിക്കുന്നു. പരിശോധനയ്ക്കായി ലഭ്യമാക്കിയ രസീത് ബുക്കുകളിലെ ഉപയോഗിച്ച രസീതുകളിൽ ചില രസീതുകൾ ഒറിജിനലും ചിലത് ഡ്യൂപ്ലിക്കേറ്റുമാണ് സൂക്ഷിച്ചിട്ടുള്ളത്. പല രസീതുകളും കാർബൺ പേപ്പർ ഉപയോഗിക്കാതെയാണ് എഴുതിയിരിക്കുന്നത്. കാർബൺ ഉപയോഗിച്ചവയിൽ തന്നെ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ലാത്തവയുമുണ്ട്. രസീതുകൾ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിച്ചെഴുതേണ്ടതും ഒറിജിനൽ രസീത് സൂക്ഷിക്കേണ്ടതുമാണ്.

രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ തൃപ്തികരമല്ല. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത തുക ബ്ലോക്ക് പഞ്ചായത്തിൽ അടച്ച സാംഖ്യ രസീതുകൾ പലയിടങ്ങളിലായാണ് സൂക്ഷിച്ചിട്ടുള്ളത്. രജിസ്റ്ററിൽ ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ രേഖപ്പെടുത്താതെ തുകയുടെ വിവരങ്ങൾ മാത്രം ചേർത്തിട്ടുള്ളതായും കണ്ടു. രസീത് ബുക്ക് നമ്പർ, പേജ് നമ്പർ, ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ഉൾപ്പെടെ കൃത്യമായ തീയതി അനുസരിച്ച് എഴുതി സൂക്ഷിക്കേണ്ടതും, അതാതു ദിവസത്തെ ആകെ തുക രജിസ്റ്ററിൽ എഴുതി ചേർക്കുന്നതോടൊപ്പം ഗുണഭോക്തൃ വിഹിതം ബ്ലോക്കിൽ അടച്ചതിന്റെ സാംഖ്യാ രസീത് രജിസ്റ്ററിൽ പതിപ്പിക്കേണ്ടതുമാണ്.

## 1-12 ഇ-ടെണ്ടർ ഫീസ് തനത് ഫണ്ടിൽ ലഭിക്കുന്നില്ല

അസിസ്റ്റന്റ് എഞ്ചിനീയറുടെ പേരിൽ എസ് ബി ഐ യിൽ ഉള്ള 42341332301 നമ്പർ അക്കൗണ്ടിൽ 2-11-2024 ൽ 44870/- രൂപ നീക്കിയിരിപ്പ് ഉണ്ട്. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് മരാമത്ത് പണികൾ ഇ-ടെണ്ടർ ചെയ്യുമ്പോൾ കരാറുകാർ അടവാക്കുന്ന ടെണ്ടർ ഫീസ് ക്രഡിറ്റ് ചെയ്യപ്പെട്ടതാണ് നീക്കിയിരിപ്പുതുക. ടെണ്ടർ ഫീസ് ബ്ലോക്ക് പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക പൂർണ്ണമായി തനത് ഫണ്ട് അക്കൗണ്ടിലേക്ക് നല്കേണ്ടതാണ്. കൂടാതെ മുൻവർഷങ്ങളിൽ ടെണ്ടർ ഫീസ് ,കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് വന്നിരുന്നത്. തുകയുടെ വർഷം തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2020 | 22486 |
| 2021 | 64370 |
| 2022 | 28800 |
| ആകെ | 115656 |

ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിൽ ലഭിക്കേണ്ട 115656 രൂപ അടിയന്തിരമായി മാറ്റിനൽകുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.ബ്ലോക്ക് പഞ്ചായത്ത് തനത് ഫണ്ടിലേയ്ക്ക് ലഭിക്കേണ്ട തുകയായിരുന്നിട്ടും പ്രസ്തുത അക്കൗണ്ട് സെക്രട്ടറിയുടെ പേരിൽ അല്ലാത്തതിനാൽ ധനകാര്യപത്രികയിൽ പ്രതിഫലിക്കുന്നില്ല എന്നതും ശ്രദ്ധിക്കേണ്ടതുണ്ട്.

## 1-13 സ്കൂളുകളുടെ കെട്ടിടങ്ങൾക്ക് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് - ഫീസ് സർക്കാരിലേയ്ക്ക് ഒടുക്കാതെ തനത് ഫണ്ടായി പരിഗണിക്കുന്നു.

ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽ സ്ഥിതിചെയ്യുന്ന എയ്ഡഡ് അൺഎയ്ഡഡ് സ്കൂളുകളുടെ കെട്ടിടങ്ങൾക്ക് ആദ്യതവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് എൽ.എസ്.ജി.ഡി വിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ ഈടാക്കുന്ന സൂപ്പർവിഷൻ ചാർജിനത്തിൽ തൻവർഷം ആകെ 477100/-രൂപ വരവുണ്ട്. വാർഷികധനകാര്യപത്രിക പ്രകാരം ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഫീസിനത്തിൽ ആകെ വരവ് 335700/-രൂപയാണ് വരവ് ചേർത്തിട്ടുള്ളത്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്ന് നൽകുന്ന സേവനങ്ങളുടെ ഭാഗമായി ഈടാക്കുന്ന ഫീസുകൾ പഞ്ചായത്തുകളുടെ കാര്യത്തിൽ “0515-00-800-93” മറ്റിനങ്ങൾ എന്ന കണക്ക് ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കണമെന്ന് 23058/DB2/08/6.5.2010നമ്പർ സർക്കുലർ മുഖേന തദ്ദേശ

സ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എങ്കിലും ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത ഇനത്തിൽ ലഭിക്കുന്ന തുക തനതുഫണ്ടായി പരിഗണിച്ച് ചെലവഴിക്കുന്നതായി ഓഡിറ്റിൽ ബോധ്യപ്പെട്ടു. ഈ സാഹചര്യത്തിൽ എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്ന് നൽകുന്ന സേവനങ്ങളുടെ ഭാഗമായി ലഭിച്ച തുക നിർദ്ദിഷ്ട ശീർഷകത്തിൽ സർക്കാരിലേയ്ക്ക് ഒടുക്കി വിവരമറിയിക്കേണ്ടതാണ്.

**1-14 നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം, തുകയുടെ വിനിയോഗവിവരം ലഭ്യമല്ല.**

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി നിർവഹണോദ്യഗസ്ഥനായി 2023-24 വർഷം വിവിധ പ്രോജക്ടുകൾപ്രകാരം സർക്കാർ ഏജൻസികളിൽ തുകകൾ നിക്ഷേപിച്ചുവെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണവിവരം, തുകകളുടെ വിശദമായ വിനിയോഗവിവരം എന്നിവ ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | അടങ്കൽ | മുൻകൂർ നൽകിയ തുക, ഫണ്ടിനം |
|---|---|---|---|---|
| 1 | ഭൂജല വകുപ്പ്, കോട്ടയം | 37/24 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ കുടിവെള്ളപദ്ധതി | 30,00,000/- | 899800 CFC (Bill No 31/15-10-22) |
| 2 | കെഎസ്ഇബി വാകത്താനം | 159/24 വിവിധ ഡിവിഷനുകളിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 10,00,000/- | 499936 വികസനഫണ്ട്- പൊതുവിഭാഗം (Bill No 34/26.3.2024) |
| 3 | കെഎസ്ഇബി തുക്കൊടിത്താനം | 128/24കോട്ടമുറി ഡിവിഷൻ - വിവിധ വാർഡുകളിൽ കെഎസ്ഇബി ലൈൻ എക്സ്റ്റെൻഷൻ | 300,000/- | 300,000/- വികസനഫണ്ട്- പൊതുവിഭാഗം (2/31.5.2023) |
| 4 | കെഎസ്ഇബി തെങ്ങണ | 44/24 കുറുമ്പനാടം ഡിവിഷൻ - വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ | 5,00,000/- | 5,00,000/- CFC (Bill No 72/18-10-22) |
| 5 | | 47/24 തെങ്ങണ ഡിവിഷൻ - വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 5,00,000/- | 5,00,000/- CFC (Bill No 73/18-10-22) |
| 6 | | 48/24മാമ്മൂട് ഡിവിഷൻ - വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റെൻഷൻ | 5,00,000/- | 5,00,000/- CFC (Bill No 73/18-10-22) |
| | **ആകെ** | | **5800000** | **3199736** |

നിക്ഷേപ പ്രവൃത്തികളുടെ പൂർത്തീകരണം, ഏജൻസികളിൽ ഒടുക്കിയ തുകകളുടെ വിനിയോഗവിവരം എന്നിവ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കുന്നതിന് 1/7.11.2024 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് പ്രസ്തുത പ്രവൃത്തികൾ പൂർത്തിയായിട്ടില്ലെന്ന് ഓഡിറ്റിൽ

അറിയിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി തുക നിക്ഷേപിച്ച ഇനത്തിലുള്ളചെലവും വാർഷിക പദ്ധതിചെലവായി പരിഗണിച്ചിട്ടുള്ളതിനാൽ ഇതിന്റെ ഭൗതികനേട്ടം ആർജ്ജിക്കാത്ത സ്ഥിതി ആശാസ്യമല്ല.ഭൂജലവകുപ്പിൽ വിവിധ കുടിവെള്ളപദ്ധതികൾ എന്നപേരിൽ വിവിധ വർഷങ്ങളായി നിക്ഷേപിച്ച തുക വിനിയോഗിച്ച് എത്ര പദ്ധതികളാണ് പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല.ജനകീയ ആവശ്യം പരിഗണിച്ച് രൂപപ്പെടുത്തിയിട്ടുള്ള പ്രോജക്ട് പ്രകാരമുള്ള പ്രവർത്തനങ്ങൾ കേവലം കുഴൽക്കിണർ നിർമ്മാണത്തിൽ മാത്രമായി പരിമിതപ്പെട്ടിട്ടുണ്ടോയെന്നും ഓരോ കുഴൽക്കിണറിൽ നിന്നും ലഭ്യമാകുന്ന ജലം കുടിവെള്ളമായി ഉപയോഗിക്കാൻ കഴിയുന്നുണ്ടോയെന്നും എത്ര കുടുംബങ്ങൾക്ക് ജലം വിതരണം ചെയ്യാൻ സാധിക്കുന്നുണ്ടെന്നും നിർണ്ണയിക്കുന്നതിനായി സർവ്വേ നടത്തി വിശദാംശങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. മേൽവിശദാംശങ്ങൾ ലഭ്യമാക്കുന്നതിലേയ്ക്കായി **3199736**/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഓരോ പ്രവൃത്തിയുടെയും വിശദമായ വിനിയോഗ/മൂല്യനിർണ്ണയ സാക്ഷ്യപത്രം, മോണിറ്ററിങ് കമ്മറ്റി റിപ്പോർട്ട് എന്നിവ ലഭ്യമാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.(ഈ റിപ്പോർട്ടിലെ ഖണ്ഡിക 1.19 ലെ പരാമർശങ്ങൾ കൂടി കാണുക.)

**1-15 പി.എം.എ.വൈ.ഭവനനിർമ്മാണപദ്ധതി - ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല - തുടർനടപടികൾ അനിവാര്യം**

പി.എം.എ.വൈ.ഭവനനിർമ്മാണപദ്ധതിയുടെ 2 ഗുണഭോക്താക്കൾ വിവിധ ഗഡുക്കളിലായി തുക കൈപ്പറ്റിയെങ്കിലും പ്രവൃത്തി പൂർത്തിയാക്കാൻ തയ്യാറാകാത്ത സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ ഡിവിഷൻ മെമ്പർമാർ ഉൾപ്പെട്ട സബ്കമ്മിറ്റി രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും ഭരണസമിതി തീരുമാനം (തീരുമാനം നമ്പർ-6(4)/23.9.2023) എടുത്തിരുന്നു. ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | ശ്രീമതി.അമ്മിണി തങ്കപ്പൻ, വടക്കേക്കര, നാലുകോടി | ശ്രീമതി.സരസമ്മ, തടത്തിൽപറമ്പിൽ, പി.സി.കവല |
| അനുവദിച്ച ധനസഹായം | 50000 | 280000 |
| ധനസ്രോതസ് | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | ബ്ലോക്ക് പഞ്ചായത്ത് വിഹിതം- 120000<br>കേന്ദ്രവിഹിതം- 160000 |

ഈ വിഷയത്തിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കുന്നതിന് 8/13.11.2024 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് ശ്രീമതി.അമ്മിണി തങ്കപ്പൻ, വടക്കേക്കര എന്ന വ്യക്തി ശരീരത്തിന് ചലനശേഷി ഇല്ലാത്ത നിലയിലാണെന്നും ടിയാളുടെ ഭർത്താവും അസുഖബാധിതനാണെന്നും നിലവിലെ സാഹചര്യത്തിൽ കുടുംബത്തിന് ഭവനനിർമ്മാണം പൂർത്തിയാക്കാൻ യാതൊരു സാഹചര്യവും ഇല്ലെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ, ശ്രീമതി.സരസമ്മ, തടത്തിൽപറമ്പിൽ, പി.സി.കവല എന്ന വ്യക്തിയും കുടുംബവും പായിപ്പാട് പഞ്ചായത്തിൽ നിലവിൽ താമസമില്ലെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ധനസഹായം കൈപ്പറ്റിയതിനുശേഷം ഭവനനിർമ്മാണം പൂർത്തിയാക്കാത്തതിനാൽ കൈപ്പറ്റിയ തുകകൾ തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടത്തുന്നതിന് പായിപ്പാട് ഗ്രാമപഞ്ചായത്ത് ഭരണസമിതി അനുമതി (തീരുമാനം നമ്പർ – 1(9)) നൽകിയതിന്റെ മിനിറ്റ്സിന്റെ പകർപ്പ് മറുപടിയോടൊപ്പം ലഭ്യമാക്കിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഗുണഭോക്താക്കളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും വാസയോഗ്യമായ ഭവനം ആവശ്യമായ ഗുണഭോക്താക്കൾക്ക് സ്വയമേവ ഭവനനിർമ്മാണം

പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യം ഉള്ളപക്ഷം എ.ഡി.എസ്, സന്നദ്ധസംഘടനകൾ എന്നിവരുമായി കൂടിയാലോചിച്ച് ഭവനനിർമ്മാണം പൂർത്തിയാക്കുന്നതിനും മുൻകൂർകൈപ്പറ്റി തുക ദുർവിനിയോഗം ചെയ്തതായി കാണുന്നപക്ഷം റിക്കവറി നടപടികൾ സ്വീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 വനിതാ ഭക്ഷ്യസംസ്കരണയൂണിറ്റ്, ഇൻകുബേഷൻ/ഫെസിലിറ്റേഷൻ സെന്റർ -മാർഗ്ഗരേഖ വ്യവസ്ഥകൾ പാലിച്ചില്ല-ലക്ഷ്യം കൈവരിച്ചില്ല.

വ്യവസായ വികസന ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2022-23 ൽ ഏറ്റെടുത്ത് 2023-24 വർഷവും ബ്ലോക്ക് പഞ്ചായത്തിലെ വനിതാ ഭക്ഷ്യസംസ്കരണയൂണിറ്റ്, ഇൻകുബേഷൻ/ഫെസിലിറ്റേഷൻ സെന്റർ എന്ന പ്രോജക്ട് തുടർന്നുവരുന്നു. രണ്ട് വർഷങ്ങളിലായി ഇതിനോടകം 1354910/- രൂപ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. ചെലവ് തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| 2022-23 | | | 2023-24 | | |
|---|---|---|---|---|---|
| പ്രോജക്ട് | ഫണ്ടിനം | തുക | പ്രോജക്ട് | ഫണ്ടിനം | തുക |
| ഭക്ഷ്യസംസ്കരണയൂണിറ്റ് ഫെസിലിറ്റേഷൻ സെന്റർ 93/2023 | വികസന ഫണ്ട് (പൊതുവിഭാഗം) | 495000 | ഭക്ഷ്യസംസ്കരണയൂണിറ്റ്, യന്ത്രസാമഗ്രികൾ വാങ്ങൽ 77/2024 | വികസന ഫണ്ട് (പൊതുവിഭാഗം) | 285070/- (ബിൽ നം 115/13-11-23) |
| ഭക്ഷ്യസംസ്കരണയൂണിറ്റ് അടിസ്ഥാന സൗകര്യം 162/2023 | വികസന ഫണ്ട് (പൊതുവിഭാഗം) | 105000 | ഭക്ഷ്യസംസ്കരണയൂണിറ്റ്, മരച്ചീനി സംസ്കരണ യന്ത്രം 79/2024 | വികസന ഫണ്ട് (പൊതുവിഭാഗം) | 221840/- (ബിൽ നം 116/13-11-23) |
| | | | ഭക്ഷ്യസംസ്കരണയൂണിറ്റ് അടിസ്ഥാന സൗകര്യം 80/2024 | വികസന ഫണ്ട് (പൊതുവിഭാഗം) | 50500/- (ബിൽ നം. 117/13-11-23) 47500/- (ബിൽ നം.254/18-01-24) |
| | | | ഭക്ഷ്യസംസ്കരണയൂണിറ്റ് , റിവോൾവിംഗ് ഫണ്ട് 152/2024 | വികസന ഫണ്ട് (പൊതുവിഭാഗം) | 90000/- (ബിൽ നം.170/07-12-23) 60000/- (ബിൽ നം. 218/28-12-23) |
| ആകെ | | 600000 | | | 754910 |

കാർഷികമേഖലയുമായി ബന്ധപ്പെട്ട് ഇൻകുബേഷൻ/ഫെസിലിറ്റേഷൻ സെന്റർ തുടങ്ങുന്നതിന് 25 ലക്ഷം രൂപ വരെ ബ്ളോക്ക് പഞ്ചായത്തിന് ചെലവഴിക്കാമെന്ന പതിനാലാം സബ്സിഡി മാർഗ്ഗരേഖ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ വർഷങ്ങളിലെ പ്രോജക്ടുകളിലൂടെ 13.54 ലക്ഷം രൂപ ചെലവഴിച്ച് ഇൻകുബേഷൻ ഫെസിലിറ്റേഷൻ സെന്റർ എന്ന പേരിൽ ഭക്ഷ്യസംസ്കരണ യൂണിറ്റിന് ആവശ്യമായ ഉപകരണങ്ങളും മറ്റും വാങ്ങിയിട്ടുള്ളത്. പ്രോജക്ട് രൂപീകരണ യോഗമിനിറ്റ്സ് പ്രകാരം കാർഷിക ഉൽപന്നങ്ങളുടെ പ്രാഥമിക സംസ്കരണവും, മൂല്യവർദ്ധനവും ആണ് സംരംഭം കൊണ്ട് ഉദ്ദേശിച്ചിരുന്നത്. 14-ാം പദ്ധതി മാർഗ്ഗരേഖ പ്രകാരം സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയതിന് ശേഷം സർവ്വകലാശാലകൾ, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾ



തുടങ്ങിയവയുടെ പങ്കാളിത്തത്തോടെയാണ് ഇത്തരം സെന്ററുകൾ ആരംഭിക്കേണ്ടത്. ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രാഥമിക സംസ്കരണവും, മൂല്യ വർദ്ധനവും നടത്തി വിപണിയിലെത്തുന്നതിന് സഹായിക്കുക എന്നതായിരിക്കണം സെന്ററിന്റെ പ്രവർത്തന ലക്ഷ്യം. എന്നാൽ പ്രധാനമായും കാർഷിക മേഖലയുമായി ബന്ധപ്പെട്ട് നിർവ്വഹിക്കേണ്ട ഈ പ്രോജക്ട് ഇപ്രകാരമുള്ള മുന്നൊരുക്കങ്ങളോ വിശദമായ പ്രോജക്ട് റിപ്പോർട്ടോ തയ്യാറാക്കാതെ വ്യവസായ വികസന ഓഫീസർ മുഖേനയാണ് മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിൽ നിർവ്വഹിച്ചത്. പ്രസ്തുത പ്രോജക്ടിന്റെ ആസൂത്രണത്തിലും നിർവ്വഹണത്തിലും തുടർനടത്തിപ്പിലും അപാകതകൾ നിലനിൽക്കുന്നതായും ജാഗ്രതാപൂർണ്ണമായ ഇടപെടൽ നടത്താത്തപക്ഷം ഇതിനോടകം ചെലവഴിച്ച തുക പാഴാകാനുള്ള സാധ്യത നിലനിൽക്കുന്നതായും ഓഡിറ്റ് വിലയിരുത്തുന്നു. പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**<u>1. സാധ്യതാ പഠനത്തിന്റെ അഭാവം</u>**

ഇൻകുബേഷൻ /ഫെസിലിറ്റേഷൻ സെന്റർ വിജയകരമായി നടത്തുന്നതിനാവശ്യമായ സഹായ സ്ഥാപനങ്ങൾ, സാങ്കേതിക പരിജ്ഞാനം നേടിയ ജീവനക്കാർ എന്നിവരെ കണ്ടെത്തുകയോ സഹായം തേടുകയോ ചെയ്തിരുന്നില്ല. ഇത്തരം സെന്റർ ആരംഭിച്ചാൽ ഇതിന് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് കാർഷിക വിളകൾ ലഭ്യമാക്കുന്നതിനും അവ ഫലപ്രദമായി ഉപയോഗിക്കാനും കഴിയുന്ന കർഷകരുടെ/സംരംഭകരുടെ വിവരം ശേഖരിക്കുകയോ വിപണനം നടത്താവുന്ന മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ എന്തൊക്കെയാണെന്ന് തീരുമാനിക്കുകയോ ഇവയുടെ വിപണനസാധ്യത വിലയിരുത്തുകയോ ചെയ്തിരുന്നില്ല. പ്രസ്തുത പ്രോജക്ടിന്റെ ആസൂത്രണം/ സാധ്യതാ പഠനത്തിന്റെ അഭാവം, നിർവ്വഹണത്തിലെ അപാകതകൾ, മോണിറ്ററിങ്ങിന്റെ അഭാവം എന്നിവ മൂലം നാളിതുവരെ ചെലവഴിച്ച തുക സുസ്ഥിരമായ വരുമാന വർദ്ധനവിന് സഹായകരമായിട്ടില്ല.

13.54 ലക്ഷം രൂപ ചെലവഴിച്ച് ധാന്യങ്ങൾ പൊടിക്കുന്നതിനും, എണ്ണ ഉല്പാദിപ്പിക്കുന്നതിനും, വറുത്ത ഭക്ഷ്യ ഉൽപന്നങ്ങൾ ഉണ്ടാക്കുന്നതിനുമാവശ്യമായ യന്ത്രസാമഗ്രികൾ വാങ്ങി സ്ഥാപിക്കുകയുമാണ് ചെയ്തത്. (ചിത്രങ്ങൾ കാണുക) സ്ഥാപനത്തിലെ രേഖകൾ പരിശോധിച്ചതിൽ അപൂർവ്വമായി മാത്രമാണ്

കർഷകർ/സംരംഭകർ ബ്ലോക്ക് പഞ്ചായത്ത് മുതൽമുടക്കി സജ്ജീകരിച്ചിട്ടുള്ള ഈ സൗകര്യം പ്രയോജനപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമായിട്ടുണ്ട്. ശരിയായ ആസൂത്രണത്തിന്റെയും സാധ്യതാ പഠനത്തിന്റെയും അഭാവം വ്യക്തമാണ്.

**2) ഭക്ഷ്യസംസ്കരണ യൂണിറ്റ് – നിലവിൽ വരുമാനദായകമല്ല.**

ഇൻകുബേഷൻ /ഫെസിലിറ്റേഷൻ സെന്റർ എന്ന അടിസ്ഥാന ആശയത്തിൽ നിന്നും വിഭിന്നമായി നിലവിൽ ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ സ്ഥാപിച്ച മെഷീനറികൾ ഉപയോഗിക്കുന്നതിന് ചെറുകിട വ്യവസായ സംരംഭം എന്ന നിലയിൽ കിച്ചൺ സമൃദ്ധി ഫുഡ് പ്രോഡക്ട്സ് എന്ന 10 അംഗ വനിതാ വ്യവസായ സംഘത്തിന് അനുമതി നല്കുകയും അവർ പരിമിതമായ തോതിൽ യൂണിറ്റ് പ്രവർത്തിപ്പിക്കുകയും ചെയ്തുവരുന്നു. 5 അംഗങ്ങൾ 10000/- രൂപ വീതം നിക്ഷേപിച്ചതും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റിവോൾവിംഗ് ഫണ്ടായി നല്കിയ 200000/- രൂപയും ഉൾപ്പെടെ 2.5 ലക്ഷം രൂപയാണ് പ്രവർത്തന മൂലധനം. നിലവിൽ സ്ഥാപനത്തിൽ എത്തിക്കുന്ന സാധനങ്ങൾ പൊടിച്ച് നല്കുന്നതും, മുളക് പൊടി നിർമ്മിച്ച് വിൽക്കുന്നതുമാണ് നടത്തുന്ന പ്രവർത്തനം. സ്ഥാപനത്തിന്റെ കണക്ക് പുസ്തകം പ്രകാരം നിലനിൽ ശരാശരി 1000/- രൂപയിൽ താഴെ മാത്രമാണ് പ്രതിദിന ടേൺ ഓവർ. സ്ഥാപനത്തിൽ ജോലിചെയ്യുന്നവരുടെ വേതനം, കറന്റ് ചാർജ്, റിവോൾവിംഗ് ഫണ്ട് തിരിച്ചടവ് തുടങ്ങിയവക്ക് ആവശ്യമായ തുക പോലും യൂണിറ്റിന്റെ പ്രവർത്തനത്തിലൂടെ കണ്ടെത്താനാകുന്നില്ല. ഈ സാഹചര്യത്തിൽ ചെറുകിട വ്യവസായ യൂണിറ്റ് എന്ന നിലയിലുള്ള സ്ഥാപനത്തിന്റെ പ്രവർത്തനം പോലും നിലവിൽ വിജയകരമല്ല. വാങ്ങിക്കൂട്ടിയ മെഷീനറികളും അടുക്കള സാധനങ്ങളും ഫലപ്രദമായി ഉപയോഗിക്കുന്നില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 172-ാം വകുപ്പ് 1-ാം ഉപവകുപ്പ് 4-ാം പട്ടിക പ്രകാരം ചെറുകിട വ്യവസായ മേഖലയിൽ സ്വയം തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുക, മൂന്നിലൊന്ന് നിക്ഷേപ പരിധിയോടെ SSI യൂണിറ്റുകൾ പ്രോത്സാഹിപ്പിക്കുക, മിനി ഇൻസ്ട്രിയൽ എസ്റ്റേറ്റുകൾ നടപ്പാക്കുക എന്നിവ ബ്ലോക്ക് പഞ്ചായത്തുകളുടെ ചുമതലകളിൽ ഉൾപ്പെടുന്നു. വ്യവസായം തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് സ്ഥലസൗകര്യം ഒരുക്കുക, ചെറുകിട വ്യവസായ യൂണിറ്റുകൾക്ക് 1/3 നിക്ഷേപ സഹായം ചെയ്യുക, സ്വയംതൊഴിൽ ഗ്രൂപ്പുകൾക്ക് സർക്കാർ നിബന്ധനകൾക്ക് വിധേയമായി സഹായം ചെയ്യുക തുടങ്ങിയ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത് സ്വന്തം നിലക്ക് വ്യവസായ യൂണിറ്റ് തുടങ്ങി, ഉല്പാദനം, വിപണനം തുടങ്ങിയവയുടെ നടത്തിപ്പ് സ്വയംതൊഴിൽ സംരംഭകർക്ക് നല്കുന്നത് ബ്ലോക്ക് പഞ്ചായത്തിൽ നിക്ഷിപ്തമായ ചുമതലാ നിർവ്വഹണത്തിന് അനുഗുണമല്ല. ലക്ഷ്യബോധമില്ലാതെ ബ്ലോക്ക് പഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ നടത്തിയ 13.54 ലക്ഷം രൂപയുടെ ചെലവ് നാളിതുവരെ ഫലപ്രദമായില്ല എന്നത് ഇത് വ്യക്തമാക്കുന്നു. ഇത് സംബന്ധമായ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(5/12-11-2024)നിർവ്വഹണ ഉദ്യോഗസ്ഥനായ വ്യവസായ വികസന ഓഫീസർ നല്കിയ മറുപടിയിൽ യൂണിറ്റ് ഇൻഡസ്ട്രിയൽ ഇൻകുബേഷൻ /ഫെസിലിറ്റേഷൻ സെന്ററായി തന്നെയാണ് ആരംഭിച്ചിട്ടുള്ളതെന്നും പദ്ധതി രൂപീകരണമാർഗ്ഗരേഖയിലെ 8-4-1-1 പ്രകാരമാണ് ആരംഭിച്ചതെന്നും അറിയിച്ചു. എന്നാൽ മൂല്യ വർദ്ധിത ഉൽപന്നങ്ങൾ നിർമ്മിക്കുന്ന ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് പ്രോത്സാഹനം മാത്രമാണ് മാർഗ്ഗരേഖയിലെ പ്രസ്തുത ഖണ്ഡികയിൽ നിർദ്ദേശിച്ചിട്ടുള്ളത്. യാതൊരു മുന്നൊരുക്കവും കൂടാതെയും മാർഗ്ഗരേഖ ശരിയായി പരിഗണിക്കാതെയുമാണ് പ്രോജക്ട് ആസൂത്രണം ചെയ്തതെന്ന് മറുപടിയിൽ നിന്നും വ്യക്തമാണ്.

**3)ഭക്ഷ്യസംസ്കരണയൂണിറ്റിന്റെയും, ഇൻകുബേഷൻ /ഫെസിലിറ്റേഷൻ സെന്ററിന്റെയും പ്രവർത്തനം – ഏകോപനം പ്രായോഗികമല്ല.**

ഇൻകുബേഷൻ /ഫെസിലിറ്റേഷൻ സെന്റർ കാർഷിക മേഖലാ പ്രോജക്ടിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം നിലയിൽ ആരംഭിക്കാവുന്നതും, ഫുഡ് പ്രോസസിംഗ് യൂണിറ്റ് പ്രാദേശിക

സാമ്പത്തിക വികസന പ്രോജക്ടായി വനിതാ/പുരുഷ ഗ്രൂപ്പുകൾക്ക് ബ്ലോക്ക് പഞ്ചായത്തിന്റെ സബ്സിഡിയോടു കൂടി ആരംഭിക്കാവുന്നതുമാണ്. ഇൻകുബേഷൻ /ഫെസിലിറ്റേഷൻ സെന്ററിന്റെ ഉടമസ്ഥാവകാശം ബ്ലോക്ക് പഞ്ചായത്തിനാണെങ്കിലും ഫുഡ് പ്രോസസിംഗ് യൂണിറ്റിന്റെ നിലവിലെ ഉടമസ്ഥാവകാശം ഗ്രൂപ്പിനാണ് ലഭിച്ചിട്ടുള്ളത്. ഇത്തരത്തിൽ വ്യത്യസ്ത മാനദണ്ഡങ്ങൾ ഉള്ള യൂണിറ്റുകൾ സംയോജിപ്പിക്കുന്നത് പ്രായോഗികമല്ല. ഭക്ഷ്യസംസ്കരണ യൂണിറ്റ് മാത്രമായി ഏറ്റെടുക്കുന്നതിന് അനുവദനീയമായ സബ്സിഡി 1.5 ലക്ഷം രൂപയാണ്(അടങ്കലായ 3 ലക്ഷത്തിന്റെ 50%). സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഭക്ഷ്യസംസ്കരണ യൂണിറ്റിന്റെ അടങ്കൽ പോലും 3 ലക്ഷം രൂപയായിരിക്കെ 13.5 ലക്ഷം രൂപയുടെ മെഷിനറിയും ഉപകരണങ്ങളും വാങ്ങി സ്ഥാപിച്ചിട്ട് പോലും പ്രവർത്തനം നാളിതുവരെ കാര്യക്ഷമമായിട്ടില്ല.

4)ഭക്ഷ്യസംസ്കരണയൂണിറ്റിന് റിവോൾവിംഗ് ഫണ്ട് നൽകിയത് – നിയമാനുസൃതമല്ല

മേൽ പരാമർശിച്ച കിച്ചൺ സമൃദ്ധി ഫുഡ് പ്രോഡക്ട്സ് എന്ന 10 അംഗ വനിതാ വ്യവസായ സംഘത്തിന് 2023-24 വർഷം റിവോൾവംഗ് ഫണ്ടായി 2 ലക്ഷം രൂപ നല്കിയിട്ടുണ്ട് (തൻ വർഷം 1.5 ലക്ഷവും 0.5 ലക്ഷം ക്യൂ ബിൽ). ഫുഡ് പ്രോസസിംഗ് യൂണിറ്റ് ആരംഭിക്കുന്നതിന് വനിത ഗ്രൂപ്പുകൾക്ക് അടങ്കലിന്റെ 50% എന്ന പരിധിക്ക് വിധേയമായി 1.5 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കാമെങ്കിലും തുടർ പ്രവർത്തനങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് അനുവദനീയമല്ല. യൂണിറ്റിനാവശ്യമായ കെട്ടിടം മെഷീനറി അടക്കം അടിസ്ഥാന സൗകര്യങ്ങൾ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കിയിട്ടുള്ളതിനാൽ യൂണിറ്റിന് അധികമായി സബ്സിഡിയോ, റിവോൾവിംഗ് ഫണ്ടോ അനുവദിക്കുന്നതിന് വ്യവസ്ഥയില്ല. വ്യവസായ വികസന ഓഫീസർ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (4/12-11-24)നല്കിയ മറുപടിയിൽ റിവോൾവിംഗ് ഫണ്ടിനത്തിൽ നല്കിയ 2 ലക്ഷം രൂപയിൽ 1 ലക്ഷം രൂപ നിർവ്വഹണ ഉദ്യോഗസ്ഥന്റെയും സംഘത്തിന്റെയും ജോയിന്റ് അക്കൗണ്ടിൽ വിനിയോഗിക്കാതെ അവശേഷിക്കുന്നതായി അറിയിച്ചു. വികസനഫണ്ട് (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) ഉപയോഗിക്കാതെ മറ്റ് അക്കൗണ്ടുകളിൽ സൂക്ഷിക്കുന്നത് നിയമാനുസൃതമല്ലാത്തതിനാൽ തിരികെ ഈടാക്കി ബന്ധപ്പെട്ട അക്കൗണ്ടിൽ ഒടുക്കേണ്ടതാണ്.

5) ഓഡിറ്റ് നിഗമനം/ശുപാർശ

കാർഷിക മേഖലയുമായി ബന്ധപ്പെട്ട് ഇൻകുബേഷൻ ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിന് 25 ലക്ഷം രൂപാ വരെ ചെലവഴിക്കാമെന്ന 14-ാം പദ്ധതി മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ കെട്ടിടസൗകര്യവും ഉപകരണങ്ങളുടെ തുടർ പ്രവർത്തന മൂലധനമായി ഉപയോഗിക്കാവുന്ന റിവോൾവിംഗ് ഫണ്ടും ക്രമീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് വിവിധ പ്രോജക്ടുകളിലൂടെ ചെലവഴിച്ചത് 15.54 ലക്ഷം രൂപയാണ്. എന്നാൽ മാർഗ്ഗരേഖ അനുശാസിക്കുന്ന ആശയത്തിൽ നിന്നും വിഭിന്നമായി 10 വനിതാ അംഗങ്ങൾ മാത്രം ഉൾപ്പെടുന്ന യൂണിറ്റ് സ്വന്തം നിലയിൽ നിക്ഷേപിച്ച കേവലം 50000/- രൂപ (ആകെ ചെലവിന്റെ 3.1% തുക) പൂരകമായി കണ്ടെത്തി ഭക്ഷ്യസംസ്കരണ യൂണിറ്റ് എന്ന നിലയിലാണ് പ്രാരംഭ പ്രവർത്തനങ്ങൾ ഏറ്റെടുത്തത് . ആകെയുള്ള മൂലധനചെലവിൽ (പ്രവർത്തന മൂലധനം ഉൾപ്പെടെ) 97% തുകയും സബ്സിഡി നൽകുന്നതുപോലെ ഉപകരണങ്ങളായും മറ്റും ക്രമീകരിച്ച് നൽകിയിട്ടും ഭക്ഷ്യസംസ്കരണ/വിപണന യൂണിറ്റ് ഒട്ടും തന്നെ ആദായകരമായ രീതിയിലല്ല നിലവിൽ പ്രവർത്തിച്ച് വരുന്നത് . ഇതിനോടകം വിവിധ പ്രോജക്ടുകളിലൂടെ ചെലവഴിച്ച തുക പാഴ്ച്ചെലവായി മാറുന്ന സ്ഥിതി ഒഴിവാക്കേണ്ടതുണ്ട്.

ശുപാർശകൾ

**1) 14-ാം പദ്ധതിയുടെ മുൻഗണനാ ലക്ഷ്യങ്ങൾ അടിസ്ഥാനമാക്കിയും സുസ്ഥിര വികസന ലക്ഷ്യങ്ങൾ പരിഗണിച്ചും പൂരകമായ വിഹിതം മുതൽമുടക്കുന്നതിന് പര്യാപ്തമായ രീതിയിൽ യൂണിറ്റുകളെ ശാക്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.**

**2) പ്രവർത്തനം ഒരു യൂണിറ്റിൽ മാത്രമായി പരിമിതപ്പെടുത്താതെ പദ്ധതിമാർഗ്ഗരേഖ അനുശാസിക്കുന്ന പ്രകാരം ഇൻകുബേഷൻ/ ഫെസിലിറ്റി സെന്റർ പ്രവർത്തിപ്പിക്കേണ്ടതാണ്.**

**3)കമ്പോളത്തിൽ നിലനിൽക്കുന്ന കടുത്ത മത്സരം ഫലപ്രദമായി നേരിടുന്നതിനും മൂല്യവർദ്ധിത**

**ഉൽപ്പന്നങ്ങൾക്ക് കൃത്യമായ വിപണി കണ്ടെത്തുന്നതിനും സാധിച്ചാൽ മാത്രമെ മുതൽമുടക്കിനനുസരിച്ചുള്ള ആദായം/ലാഭം ഉറപ്പാക്കാനാവൂ.ആയതിനാൽ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിനും ആവശ്യമായ വിപണന തന്ത്രം ആവിഷ്കരിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.**

**4)ആദായകരമായ രീതിയിൽ പ്രവർത്തിച്ചാൽ മാത്രമെ കാര്യക്ഷമമായ തുടർനടത്തിപ്പ് ഉറപ്പാക്കാനാവൂ എന്നതിനാൽ നിരന്തരമായ പരിശീലനവും ബോധവൽക്കരണവും നടത്തേണ്ടതും സ്വയംപര്യാപ്തത ആർജ്ജിക്കേണ്ടതും ആവശ്യമാണ്.**

**5)ഉപകരണങ്ങളും അടിസ്ഥാനസൗകര്യങ്ങളും ഒരുക്കി നൽകിയതുകൊണ്ട് മാത്രം ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾ സുസ്ഥിരമായി നിലനിൽക്കണമെന്നില്ല. യാഥാർത്ഥ്യ ബോധത്തോടെയുള്ള വിലയിരുത്തലും ജാഗ്രതാ പൂർണ്ണമായ ഇടപെടലും കൃത്യമായ മോണിറ്ററിങ്ങും ഉറപ്പാക്കേണ്ടതാണ്.**

മാനദണ്ഡങ്ങൾ പാലിക്കാതെ ആസൂത്രണം ചെയ്ത ഇൻകുബേഷൻ ഫെസിലിറ്റേഷൻ സെന്റർ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടികൾ സ്വീകരിച്ചതിന്റെ വിവരം, നിയമാനുസൃതമല്ലാതെ 1.5 ലക്ഷം രൂപ (തൻവർഷം)റിവോൾവിംഗ് ഫണ്ട് അനുവദിച്ചതിനുമുള്ള വിശദീകരണം, മറ്റ് അപാകതകളിന്മേലുള്ള വിശദീകരണം എന്നിവ ഓഡിറ്റിൽ ലഭ്യമാക്കുന്നതിനായി നല്കിയ 4/12-11-2024 നമ്പർ ഓഡിറ്റ് അന്വേഷണക്കുറിപ്പിനുള്ള മറുപടിയിൽ പ്രാരംഭഘട്ടമായതിനാലാണ് യൂണിറ്റിന്റെ പൂർണ്ണ ശേഷി ഉപയോഗിക്കാൻ കഴിയാത്തതെന്നും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചു. നിലവിലെ സാഹചര്യത്തിൽ മാനദണ്ഡങ്ങൾ മറികടന്നാണ് തുക ചെലവഴിച്ചിട്ടുള്ളത് എന്നതിനാലും ലക്ഷ്യം കൈവരിച്ചിട്ടില്ലാത്തതിനാലും ഈ വർഷത്തെ ചെലവ് തുക 754910/- തടസ്സപ്പെടുത്തുന്നു. (ഇതിനോടകം ചെലവഴിച്ച് തുക പാഴ്ച്ചെലവായി മാറിയാൽ ബന്ധപ്പെട്ട അധികൃതർ ഇക്കാര്യത്തിൽ ബാധ്യതപ്പെടുന്നതാണ്.) മാർഗ്ഗരേഖ വ്യവസ്ഥകൾ ലംഘിച്ച് പ്രോജക്ട് നിർവ്വഹിച്ചതിനാൽ ആവശ്യമായ സർക്കാർ സാധൂകരണം വാങ്ങിയും സെന്ററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയും ചെലവ് തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-17 മാർഗ്ഗരേഖയിൽ നിന്ന് വ്യതിചലിച്ച് ലൈബ്രറിക്ക് സാംസ്കാരിക നിലയം നിർമ്മാണം ഏറ്റെടുത്തു**

സ ഉ (എം എസ്) നം 84/2022 എൽ എസ് ജി ഡി, തീ 19-04-2024 പദ്ധതി രൂപീകരണ മാർഗ്ഗരേഖ 8.6.15 പ്രകാരം ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് ഭൗതികസാഹചര്യം ഒരുക്കുന്നതിനുള്ള കെട്ടിടനിർമ്മാണം ബ്ളോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. നിലവിലുള്ള ലൈബ്രറികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനാണ് ഇത്തരത്തിൽ അനുമതി നല്കിയിട്ടുള്ളത്. എന്നാൽ 2022-23, 2023-24 വർഷങ്ങളിലായി അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി തൃക്കൊടിത്താനം ഫ്രണ്ട്സ് പബ്ളിക് ലൈബ്രറിക്ക് സാംസ്കാരിക നിലയം നിർമ്മാണം എന്ന പ്രോജക്ട് (പ്രോജക്ട് നം 106/2024) ഏറ്റെടുത്ത് നടത്തുകയും 2 വർഷങ്ങളിലായി 565867/- രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ചെലവഴിക്കുകയും ചെയ്തതായി കാണുന്നു (ഓഡിറ്റ് വർഷം 239663/- രൂപ (ബിൽ നം തീ 60/31-07-2023). ഫയൽ പരിശോധിച്ചതിൽ ലൈബ്രറി കെട്ടിടത്തിന് ആവശ്യമായ സ്ഥലം എം എൽ എ യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ച് വാങ്ങിയിട്ടുള്ളതായാണ് കാണുന്നത്. ലൈബ്രറിയുടെ പ്രവർത്തനത്തിന് കെട്ടിടം ഉള്ള സാഹചര്യത്തിൽ ലൈബ്രറിയുടെ ആധുനിക വല്കരണം പോലെ ബ്ളോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാൻ അനുമതിയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് പകരം അനുവദനീയമല്ലാത്തതും ഒരു തരത്തിലും നിയന്ത്രണാധികാരമില്ലാത്തതുമായ സാംസ്കാരിക നിലയം നിർമ്മാണത്തിന് തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (5/12-11-2024) മറുപടിയായി കലാസാംസ്കാരിക പ്രവർത്തനം വിപുലീകരിക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് പ്രോജക്ട് ഏറ്റെടുത്തത് എന്ന് മറുപടി നല്കി. ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ലൈബ്രറി കെട്ടിടങ്ങൾക്ക് ഉപരിയായി ലൈബ്രറി കൗൺസിലിന്റെ അംഗീകാരമുള്ള ലൈബ്രറികൾക്ക് കെട്ടിടം പണിയുന്നതിനാണ് പ്രത്യേക അനുമതി ലഭിച്ചിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്തിന് ഉടമസ്ഥാവകാശമില്ലാത്ത സ്ഥലത്ത് സാംസ്കാരിക നിലയം പണിയുന്നതിന് അനുമതി ഇല്ലാത്ത സാഹചര്യത്തിൽ ആവശ്യമായ സാധൂകരണം

ലഭ്യമാക്കേണ്ടതും തുടർ വർഷങ്ങളിൽ സമാന രീതിയിലുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

**1-18 ക്ഷീരസംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട്- കാര്യക്ഷമമായ തുടർ പരിശോധന അനിവാര്യം**

ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ക്ഷീര സംഘങ്ങൾക്ക് റിവോൾവിംഗ് ഫണ്ട് നല്കുന്നതിനായി ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി പ്രോജക്ട് നം 155/2024 പ്രകാരം വികസനഫണ്ടിൽ (ജനറൽ) നിന്നും ഓഡിറ്റ് വർഷം 4ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ക്ഷീരസംഘങ്ങൾക്ക് കറവപ്പശുവിനെ വാങ്ങുന്നതിന് 40000/- രൂപ ധനസഹായം (5 ഗുണഭോക്താക്കൾക്ക് വീതം) അനുവദിക്കുന്നതിനാണ് തുക നല്കുന്നത്. തുക കൈപ്പറ്റിയവർ കൈപ്പറ്റിയ തീയതി മുതൽ പ്രതിമാസം നിശ്ചിത തുക തിരിച്ചടക്കുകയും 40000/- രൂപ ആകുന്ന മുറക്ക് അടുത്ത ഗുണഭോക്താവിന് നല്കുകയും ചെയ്യുക എന്നതാണ് പദ്ധതി നടത്തിപ്പിൽ അനുവർത്തിക്കേണ്ട രീതി. സബ്സിഡി മാർഗ്ഗരേഖ പ്രകാരം വ്യക്തിഗത പ്രോജക്ടുകൾക്ക് ബാധകമായ അർഹതാ മാനദണ്ഡങ്ങൾ ഈ പദ്ധതിയിലെ ഗുണഭോക്താക്കൾക്കും ബാധകമാണ്. എന്നാൽ ഒറ്റത്തവണയായി തുക കൈമാറിക്കഴിഞ്ഞാൽ തുടർ പരിശോധനയും മോണിറ്ററിങ്ങും നടത്തുന്നതായി കാണുന്നില്ല. 2023-24 വർഷം റിവോൾവിംഗ് ഫണ്ട് അനുവദിച്ച സംഘങ്ങളുടെ രജിസ്റ്ററുകളും രേഖകളും പൊതുവായി പരിശോധിച്ചു. ഓഡിറ്റിൽ രേഖകൾ ഹാജരാക്കുന്നതിനായി ഓഡിറ്റ് അന്വേഷണക്കുറിപ്പ് നല്കിയതിന് ശേഷമാണ് 7-10-2024 ൽ ഇയ്യാലി ക്ഷീരസഹകരണ സംഘം രജിസ്റ്റർ തയ്യാറാക്കുകയും പ്രസ്തുത തീയതി വരെ തിരികെ ലഭിച്ച തുക ബാങ്ക് അക്കൗണ്ടിൽ അടക്കുകയും ചെയ്തതെന്ന് കാണുന്നു. 45000/- രൂപയോളം തിരികെ ലഭിച്ചെങ്കിലും അടുത്ത ഗുണഭോക്താവിന് നല്കിയിട്ടില്ല. മാത്രമല്ല അർഹതാമാനദണ്ഡങ്ങൾ പാലിച്ച് തുടർന്ന് നല്കേണ്ടവരുടെ ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥൻ അംഗീകരിച്ചിട്ടുള്ളതായോ പദ്ധതിയുടെ മോണിറ്ററിംഗ് നടത്തുന്നതായോ കാണുന്നില്ല. മേൽ പറഞ്ഞ അപാകതയിന്മേൽ വിശദീകരണം ലഭ്യമാക്കുന്നതോടൊപ്പം 2022-23 വർഷം 4 സംഘങ്ങൾക്ക് നല്കിയ 8 ലക്ഷം രൂപയിൽ തിരികെ ലഭിച്ച തുകയുടെ വിവരവും തിരികെ ലഭിച്ച തുക ഉപയോഗിച്ച് തുടർന്ന് കറവപ്പശുവിനെ വാങ്ങാൻ സഹായം നല്കിയവരുടെ വിവരവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം6/12-11-2024) മറുപടിയായി റിവോൾവിംഗ് ഫണ്ടിന്റെ വിനിയോഗം മോണിറ്റർ ചെയ്യുന്നുണ്ട് എന്നും പ്രവർത്തനം നല്ല രീതിയിൽ നടക്കുന്നു എന്നും ഇയ്യാലി സംഘം സെക്രട്ടറി അവധിയിലായതിനാലാണ് തുക യഥാസമയം ബാങ്കിൽ നിക്ഷേപിക്കാതിരുന്നത് എന്നും മറുപടി നല്കി. മുൻവർഷം ഫണ്ട് അനുവദിക്കപ്പെട്ട കോട്ടമുറി ക്ഷീരസംഘം ഫണ്ട് വിനിയോഗ രേഖകൾ ഹാജരാക്കി. ബാക്കിയുള്ള 3 സംഘങ്ങളുടെ ഫണ്ട് വിനിയോഗം കാര്യക്ഷമമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പു വരുത്തേണ്ടതും പ്രോജക്ട് നിർദ്ദേശങ്ങളിൽ നിന്നും വ്യതിചലിച്ച് ഫണ്ട് സൂക്ഷിക്കുന്നുണ്ടെങ്കിൽ തിരികെ ഈടാക്കേണ്ടതുമാണ്.

**1-19 നിക്ഷേപ പ്രവൃത്തികൾ -അവലോകനം**

**1. കണക്ക് സൂക്ഷിപ്പും വിനിയോഗം നിരീക്ഷിക്കലും മോണിറ്ററിംഗും കാര്യക്ഷമമല്ല**

ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം (നിക്ഷേപ പ്രവൃത്തികൾക്കായി സിവിൽ അഡ്വാൻസായി നല്കുന്ന തുകയുടെ വിവരം) KWA, KSEB, Ground Department എന്നിവിടങ്ങളിലായി 2016-17 മുതലുള്ള കാലയളവിൽ (രജിസ്റ്ററിൽ 2016-17 മുതലുള്ള വിവരമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്) 33600525/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. ഇതിൽ വിനിയോഗ വിവരം ലഭിക്കാനുള്ള 26030654/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഭൂജല വകുപ്പ് | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | കേരള വാട്ടർ അതോറിറ്റി |
|---|---|---|---|
| 2016-17 | 00 | 00 | 00 |
| 2017-18 | 00 | 1599250 | 1600000 |

| | | | |
|---|---|---|---|
| 2018-19 | 00 | 2242803 | 500000 |
| 2019-20 | 00 | 00 | 98000 |
| 2020-21 | 00 | 00 | 3546000 |
| 2021-22 | 00 | 2045920 | 6426405 |
| 2022-23 | 2535000 | 00 | 2543240 |
| 2023-24 | 899800 | 1994236 | 00 |
| ആകെ | 3434800 | 7882209 | 14713645 |
| ആകെ - 26030654/-(3434800+7882209+14713645) | | | |

**2. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെട്ട പ്രവൃത്തികൾക്ക് ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് തുക ചെലവഴിക്കുന്നു**

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് 1-ാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം തെരുവുവിളക്കുകൾ കത്തിക്കുകയും അവയുടെ പരിപാലനവും ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽ വരുന്നത് പാരമ്പര്യേതര ഊർജ സ്രോതസ്സുകളുടെ വികസന പ്രവർത്തനങ്ങളാണ്. കൂടാതെ 84/2022/ത.സ്വ.ഭ.വ/19.4.2022 നമ്പർ പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 8.5.3 പ്രകാരം വൈദ്യുതി എത്താത്ത മേഖലകളിൽ വൈദ്യുതി എത്തിക്കുന്നതിന് വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിനുള്ള പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഫയൽ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതയായ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കുന്നതിനാണ് വിവിധ വർഷങ്ങളിലായി 1.09 കോടി രൂപ KSEBയിൽ നിക്ഷേപിച്ചിട്ടുള്ളത് . ഇതിൽ7882209/- രൂപയുടെ വിനിയോഗ വിവരം ലഭിക്കാൻ അവശേഷിക്കുന്നു. ***കേരള പഞ്ചായത്ത് രാജ് നിയമം 176 ബി, 4-ാം വകുപ്പ് പ്രകാരം വിവിധ തസ്വ ഭ സ്ഥാപനങ്ങൾക്ക് സംയുക്തമായി വിളക്ക് വയ്പ്പ് സമ്പ്രദായം തുടങ്ങി സംരക്ഷിക്കുന്നതിന് അനുവദിക്കുന്നുണ്ടെങ്കിലും ബ്ലോക്ക് പഞ്ചായത്തിന് ഏകപക്ഷീയമായി തെരുവുവിളക്ക് പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിന് അനുമതി ഇല്ല.*** കൂടാതെ ഇത്തരം പ്രോജക്ടുകൾക്കുള്ള ആവശ്യം ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്നിട്ടുള്ളതായും കാണുന്നില്ല.

***3)നിക്ഷേപ പ്രവൃത്തികൾക്ക് ചെലവഴിക്കുന്ന തുക വാർഷികകണക്കിൽ പ്രതിഫലിക്കുന്നില്ല***

ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയുടെ ഭാഗമായി KWA, KSEB, Ground Department എന്നിവിടങ്ങളിൽ പ്രവൃത്തികൾക്കായി തുക നിക്ഷേപിക്കുമ്പോൾ വാർഷികകണക്കിൽ RP 47 ൽ അഡ്വാൻസ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യുകയും വിനിയോഗ സാക്ഷ്യപത്രം ലഭിക്കുന്നതിനനുസരിച്ച് മൂലധനച്ചെലവിലേക്ക് മാറ്റുകയുമാണ് വേണ്ടത്. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്ത പ്രവൃത്തികൾക്ക് നല്കിയ ആകെ തുക ബാലൻസ് ഷീറ്റിൽ B18 ഷെഡ്യൂളിൽ പ്രതിഫലിക്കുകയും വേണം. എന്നാൽ 2.60 കോടി രൂപക്ക് പകരം 38.18 ലക്ഷം രൂപ മാത്രമാണ് വിനിയോഗവിവരം ലഭിക്കാൻ ബാക്കിയുള്ളതായി വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. രജിസ്റ്റർ പ്രകാരം മേൽ പരാമർശിച്ച 3.36 കോടി രൂപയിൽ 2.60 കോടി രൂപയുടെ വിനിയോഗവിവരം ലഭിച്ചിട്ടില്ല.വിനിയോഗ വിവരം ലഭിച്ചവയിൽ തന്നെ നിക്ഷേപിച്ച തുകകുള്ള പ്രവൃത്തി നടന്നിട്ടുണ്ടോയെന്നും ലക്ഷ്യമിട്ട ഭൗതീക നേട്ടം ആർജ്ജിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. വിവിധ കുടിവെള്ള പദ്ധതികൾ എന്ന പേരിൽ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ നിക്ഷേപിച്ചിട്ടുള്ള തുകയുടെ വിനിയോഗം ഉപയോഗക്ഷമമായതും അല്ലാത്തതുമായ കുഴൽക്കിണർ നിർമ്മാണത്തിൽ മാത്രമായി പരിമിതപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ബ്ലോക്ക് പഞ്ചായത്തിന്റെ വികസന പദ്ധതികൾക്ക് വേണ്ടി ലഭിച്ച 2.60 കോടി രൂപയുടെ വിനിയോഗവിവരവും പ്രവൃത്തി പൂർത്തീകരണസാക്ഷ്യപത്രവും പരിശോധനക്ക് ലഭ്യമാക്കാത്തത് തുക നഷ്ടപ്പെടുത്തിയതിന് തുല്യമാണ്.

കൃത്യമായ ആവശ്യകത പരിഗണിക്കാതെ ബ്ലോക്ക് പഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് തുക ചെലഴിക്കുന്നതും മറ്റു വകുപ്പുകളിൽ നിക്ഷേപിച്ച തുകയുടെ വിനിയോഗം മോണിറ്റർ

ചെയ്യാതിരിക്കുന്നതും വികസനാവശ്യങ്ങൾക്ക് ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ച തുകയുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പ് വരുത്തുന്നതിലുണ്ടായ വീഴ്ചയായി വിലയിരുത്തുന്നു. അപാകതയിലുള്ള വിശദീകരണം ഓഡിറ്റിൽ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (7/13-11-2024) മറുപടിയായി 7569871/- രൂപയുടെ വിനിയോഗ വിവരം ലഭ്യമാക്കി. നിക്ഷേപ പ്രവൃത്തിക്ക് നല്കിയ തുകയുടെ അക്കൗണ്ടിംഗ് തുടർ വർഷങ്ങളിൽ കൃത്യമാക്കുന്നതാണെന്ന് മറുപടി നല്കി. വിവിധങ്ങളായ പ്രവൃത്തികൾക്കായി തുക ഏജൻസികളിൽ നിക്ഷേപിക്കുമ്പോൾ തന്നെ അതത് വർഷത്തെ പദ്ധതിച്ചെലവായി പരിഗണിച്ച് വരുന്നതിനാൽ നിക്ഷേപ തുകയുടെ വിനിയോഗം ഉറപ്പ് വരുത്താത്തതും ഭൗതീക നേട്ടം വിലയിരുത്താത്തതുമായ നടപടി ഗുരുതരമായ വീഴ്ചയാണ്. വിനിയോഗവിവരം ലഭിക്കാനുള്ള 26030654/- രൂപയുടെ വിശദമായ വിനിയോഗ വിവരം മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ട്, ഭൗതികനേട്ടം ആർജ്ജിച്ചതിന്റെ വിവരം എന്നിവ ഹാജരാക്കേണ്ടതും വാർഷികകണക്കിലൂടെ ഇത് സംബന്ധമായ കൃത്യമായ വിവരം വെളിപ്പെടുത്തേണ്ടതുമാണ്.

## 1-20 ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ - ലൈസൻസ് ഇല്ലാത്ത ഗുണഭോക്താവിന് പ്രയോജനപ്പെടുന്നില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 101/24 |
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ |
| നിർവഹണോദ്യോഗസ്ഥൻ | സി.ഡി.പി.ഒ, മാടപ്പള്ളി |
| അടങ്കൽ | 500000/- |
| ചെലവ് | 500000/-(ബിൽ നമ്പർ/ തീയതി 1/3.6.2023) |
| ധനസ്രോതസ് | വികസനഫണ്ട് - പൊതുവിഭാഗം |

ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ നൽകുന്നതിനായി തയ്യാറാക്കിയ ഈ പ്രോജക്ട് പ്രകാരം 5 ഗുണഭോക്താക്കൾക്ക് സൈഡ് വീൽ ഘടിപ്പിച്ച Hero Maestro Edge (110cc) സ്കൂട്ടർ കെൽട്രോണിൽനിന്ന് വാങ്ങി വിതരണം ചെയ്തതായി കാണുന്നു. കെൽട്രോണിന്റെ PR/97/22-23 /17.3.2023 നമ്പർ ഇൻവോയ്സിൽ രേഖപ്പെടുത്തിയ പ്രകാരം ഒരു സ്കൂട്ടറിന്റെ വിലവിവരം ചുവടെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| Hero Maestro Edge (110cc) സ്കൂട്ടർ | 53800 |
| ജി.എസ്.ടി @ 28% | 15064 |
| Retrofit Side Wheels | 29653 |
| ജി.എസ്.ടി @ 5% | 1483 |
| ആകെ | 100000 |

പ്രോജക്ടിന്റെ 4 ഗുണഭോക്താക്കളുടെ പേരിൽ സ്കൂട്ടറുകൾ രജിസ്റ്റർ ചെയ്തതിന്റെയും ടിയാളുകൾ ലൈസൻസ് നേടിയതിന്റെയും രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടുണ്ട്. എന്നാൽ പായിപ്പാട് ഗ്രാമപഞ്ചായത്ത് നിവാസിയായ ശ്രീ.പ്രകാശ്മോൻ.ആർ, കുഴിയടിപ്പാറയിൽ എന്ന വ്യക്തി ലൈസൻസ് എടുത്തതിന്റെയോ ടിയാന് കൈമാറിയ സ്കൂട്ടർ രജിസ്റ്റർ ചെയ്തതിന്റെയോ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിരുന്നില്ല. ഗുണഭോക്താവിന് നൽകിയ സ്കൂട്ടർ രജിസ്റ്റർ ചെയ്തതിന്റെയും ടിയാൻ ലൈസൻസ് നേടിയതിന്റെയും രേഖകൾ ഓഡിറ്റിൽ ഹാജരാക്കുന്നതിന് 9/13.11.2024 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിനെ തുടർന്ന് വാഹനം നമ്പരായി KL-33-P-9125 രജിസ്റ്റർ ചെയ്തതിന്റെ രേഖകൾ ഹാജരാക്കി. ടി ഗുണഭോക്താവ് ലോട്ടറി കച്ചവടം നടത്തിയാണ് ഉപജീവനം നടത്തുന്നതെന്നും ഇതുവരെ ലൈസൻസ് എടുക്കുന്നതിനുള്ള സാവകാശം ലഭിച്ചില്ലെന്നുമാണ് മറുപടിയിൽ രേഖപ്പെടുത്തിയിട്ടുള്ളത്.

ഗുണഭോക്താവിന് ലൈസൻസ് നേടാതെ സ്കൂട്ടർ പ്രയോജനപ്പെടുത്താൻ കഴിയില്ലാത്തതിനാൽ ഇത് സംബന്ധമായി തുടർ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

**1-21 കൊച്ചീത്രുക്കടവ് തോടിന് സംരക്ഷണഭിത്തി -ബ്ലോക്ക് പഞ്ചായത്തിന്റെ സംരക്ഷണ ചുമതലയില്ലാത്ത പ്രവൃത്തി നടത്തി**

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ കൊച്ചീത്രുക്കടവ് തോടിന് സംരക്ഷണഭിത്തി നിർമ്മാണം എന്ന പ്രോജക്ടിന് ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ (ടൈഡ്) നിന്നും 10 ലക്ഷം രൂപ വകയിരുത്തുകയും 794968/- രൂപ (ബിൽനം 365/24-3-24) ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ കൊച്ചീത്രുക്കടവ് തോട് കോട്ടയം-ചങ്ങനാശ്ശേരി കനാലിന്റെ ഭാഗമായതിനാൽ ജലസേചന വകുപ്പിൽ നിന്നും NOC വാങ്ങിയിട്ടുണ്ട്. ജലസേചന വിഭാഗത്തിൽ നിന്നും ലഭ്യമായ പെർമിറ്റ് പരിശോധിച്ചതിൽ തോടിന്റെ സംരക്ഷണച്ചുമതല തദ്ദേശ സ്വയംഭരണ വകുപ്പിന് ഇല്ല എന്ന് കാണുന്നു. ജലസേചന വിഭാഗം നല്കിയ പെർമിറ്റിലെ താഴെപ്പറയുന്ന നിബന്ധനകൾ ഇത് വ്യക്തമാക്കുന്നു.

- ജലസേചന വകുപ്പ് A.exE, AE എന്നിവരുടെ മേൽ നോട്ടത്തിൽ പ്രവൃത്തി നടത്തണം
- 200 രൂപ വിലയുള്ള മുദ്രപ്പത്രത്തിൽ വൻകിട ജലസേചന വിഭാഗവുമായി കരാർ വക്കണം
- ഭാവിയിൽ ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ഡപ്പോസിറ്റ് വർക്കായി ചെയ്യണം
- നിർമ്മിതി ജലസേചന വകുപ്പിന്റെ ഉടമസ്ഥതയിലായിരിക്കും
- നിർമ്മിതി താല്കാലികമായിരിക്കും
- ജലസേചന വകുപ്പ് ആവശ്യപ്പെട്ടാൽ 30 ദിവസത്തെ നോട്ടീസിൽ പൊളിച്ച് നീക്കണം

ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് സംരക്ഷണാവകാശമില്ലാത്ത സ്ഥലത്ത് 7.94 ലക്ഷം രൂപ മുടക്കി ഏകപക്ഷീയമായ നിബന്ധനകളോടെ പ്രവൃത്തി ഏറ്റെടുത്തത സാഹചര്യം വ്യക്തമല്ല. കൂടാതെ ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിൽ നിന്നും ശുചിത്വ മേഖലയിൽ ഉൾപ്പെടുത്തുന്നതായി കാണിച്ച് നിർമ്മാണ പ്രവൃത്തി ഏറ്റെടുത്തതും അനുവദനീയമല്ല. അപാകതകളിൽ വിശദീകരണം ലഭ്യമാക്കുന്നതിലേയ്ക്കായി നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്(നം 13/14-11-2024 മറുപടിയായി കാനകളുടെ നിർമ്മാണത്തിനും ജലത്തിന്റെ ഒഴുക്ക് തടസ്സം കൂടാതെ ആക്കുന്നതിനും ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഉപയോഗിക്കുന്നതിന് സ ഉ (സാധാ)2031/22തസ്വഭവ തീ20-8-2022പ്രകാരം അനുമതി ഉള്ളതായി അറിയിച്ചു. ഉത്തരവ് പ്രകാരം കാനകളുടെ നിർമ്മാണവും ജലത്തിന്റെ ഒഴുക്ക് തടസ്സരഹിതമാകുമെന്നും ആക്കുന്നതും ശുചിത്വ മേഖലയിൽ ഉൾപ്പെടുന്ന പ്രവൃത്തികളാണ് , എന്നാൽ സംരക്ഷണഭിത്തി നിർമ്മാണം ഈ ഗണത്തിൽ ഉൾപ്പെടുത്താവുന്ന പ്രവൃത്തിയല്ല. ഈ സാഹചര്യത്തിൽ ശുചിത്വം ,കുടിവെള്ളം എന്നീ മേഖലകളിൽ ഉൾപ്പെടാത്ത പ്രവൃത്തിക്ക് ധനകാര്യകമ്മീഷൻ ഗ്രാന്റ് (ടൈഡ്) ഫണ്ടിൽ നിന്നും ചെലവഴിച്ച തുക ക്രമീകരിക്കേണ്ടതും, തുടർ വർഷങ്ങളിൽ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ ബ്ലോക്ക് പഞ്ചായത്തിന് പൂർണ്ണ സംരക്ഷണ ചുമതലയുള്ള സ്ഥലത്താണ് പ്രവൃത്തികൾ ഏറ്റെടുക്കുന്നത് എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

**1-22 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി -ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കാൻ അവശേഷിക്കുന്നു**

പട്ടികജാതി വികസന ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നമ്പർ 7/24), സ്ത്രീ കുടുംബനാഥകളായിട്ടുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനമുറി (പ്രോജക്ട് നമ്പർ 17/24) എന്നീ പ്രോജക്ടുകൾ പ്രകാരം ധനസഹായം കൈപ്പറ്റിയവരിൽ 10 ഗുണഭോക്താക്കൾ നാളിതുവരെ പഠനമുറിനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

| പ്രോജക്റ്റ് നമ്പർ 7/24 : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | | |
|---|---|---|
| **ഗുണഭോക്താവ്** | **ഗ്രാമപഞ്ചായത്ത്** | **കൈപ്പറ്റിയ തുക** |
| അശ്വതി മനോജ്, ചെത്തിപ്പുഴ, മാമ്മൂട് | മാടപ്പള്ളി | 170000/- |
| അമൽ സുരേന്ദ്രൻ ബ്ലോക്ക് നം 7, മാടപ്പള്ളി | മാടപ്പള്ളി | 170000/- |
| അശ്വിൻ പി ബി, പാറയിൽ പുരയിടം, തുരുത്തി, | വാഴപ്പള്ളി, | 170000/- |
| കാർത്തിക മോഹൻ, പടിഞ്ഞാറേക്കര, തൃക്കൊടിത്താനം | തൃക്കൊടിത്താനം | 170000/- |
| കാർത്തിക വിജയൻ,പള്ളിക്കച്ചിറ, പായിപ്പാട് | പായിപ്പാട് | 170000/- |
| സുജിത് കെ ആർ , കുന്നംപുറത്ത്, പായിപ്പാട് | പായിപ്പാട് | 170000/- |
| അരുൺ രവി, പുളിമൂട്ടിൽ,മാടപ്പള്ളി | മാടപ്പള്ളി | 170000/- |
| അഭിജിത്ത് സുരേഷ്, മുളമൂട്ടിൽ , മാടപ്പള്ളി | മാടപ്പള്ളി | 170000/- |
| അനന്തകൃഷ്ണൻ എ, ഏഴോലിയ്ക്കൽ,മാടപ്പള്ളി | മാടപ്പള്ളി | 170000/- |
| **പ്രോജക്റ്റ് നമ്പർ 17/24 : സ്ത്രീ കുടുംബനാഥകളായിട്ടുള്ള പട്ടികജാതി കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് പഠനമുറി** | | |
| അരുൺലാൽ വി എസ് , വേങ്ങമൂട്ടിൽ, വെങ്കോട്ട | മാടപ്പള്ളി | 170000/- |

പഠനമുറി പൂർത്തിയാക്കി തുക കൈപ്പറ്റിയ 3 ഗുണഭോക്താക്കൾ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല

| പ്രോജക്റ്റ് നമ്പർ 7/24 : പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി | | |
|---|---|---|
| **ഗുണഭോക്താവ്** | **ഗ്രാമപഞ്ചായത്ത്** | **കൈപ്പറ്റിയ തുക** |
| മിഥുന രതീഷ്, പുതുപ്പറമ്പിൽ | തൃക്കൊടിത്താനം | 200000/- |
| മഹേഷ് ചന്ദ്രൻ, തയ്യാട്ട് പടിഞ്ഞാറേതിൽ, | പായിപ്പാട് | 200000/- |
| ആരോമൽ അജീഷ്, മുണ്ടിച്ചിറ | പായിപ്പാട് | 200000/- |

പ്രസ്തുത വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 2/07.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ ഗുണഭോക്താക്കൾ നിലവിൽ പഠനമുറി പൂർത്തിയാക്കിയിട്ടുണ്ടോയെന്നതു സംബന്ധിച്ച വിശദാംശങ്ങളും സ്വീകരിച്ച തുടർനടപടികളും അറിയിക്കേണ്ടതാണ്. വാല്യൂവേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റിൽ ഹാജരാക്കേണ്ടതുമാണ്.

**1-23 പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഡസ്റ്റ് റിമൂവൽ ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ - യൂണിറ്റ് നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല**

| | |
|---|---|
| പ്രോജക്റ്റിന്റെ നമ്പർ | 118/24 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി |
| പ്രോജക്റ്റിന്റെ പേര് | പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേയ്ക്ക് ഡസ്റ്റ് റിമൂവൽ ബെയ്‌ലിംഗ് മെഷീൻ വാങ്ങൽ |
| അടങ്കൽ | 500000 |
| ചെലവ് | 389000 |
| ധനകാര്യസ്രോതസ് | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| ബിൽ തീയതി | 06/08/23 |

ബ്ലോക്ക് പഞ്ചായത്തിലെ പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റിലേയ്ക്ക് തൻവർഷം ആകെ 389000/-രൂപ ചെലവഴിച്ച് പ്രകൃതി, ആലുവ എന്ന സ്ഥാപനത്തിൽനിന്ന് ബെയ്‌ലിംഗ് മെഷീൻ വാങ്ങിയിരുന്നു. ബി-2399/22 നമ്പരായി 25.11.2022ൽടെൻഡർ ക്ഷണിച്ചതിന് ഏറ്റവും കുറഞ്ഞ നിരക്ക് ക്വോട്ടുചെയ്തിരുന്നത് അഗർവാൾ & കമ്പനി എന്ന സ്ഥാപനം ആയിരുന്നു. എന്നാൽ ഈ സ്ഥാപനത്തിന് സെലക്ഷൻ നോട്ടീസ്/ വർക്ക് ഓർഡർ അയച്ചിട്ടും സമയബന്ധിതമായി സ്ഥാപനം മറുപടി നൽകാതിരുന്നതിനാൽ ശുചിത്വകേരളം മിഷൻ കോ ഓർഡിനേറ്ററുടെ കത്തിന്റെയും മിഷൻ ഭരണസമിതിയുടെ 1(3)/27.2.2023 നമ്പർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ രണ്ടാമത്തെ നിരക്ക് ക്വോട്ടുചെയ്ത പ്രകൃതി, ആലുവ എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ട് 6.8.2023 ൽ മെഷീൻ വാങ്ങി സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ യൂണിറ്റിന്റെ പ്രവർത്തനം നാളിതുവരെ ആരംഭിച്ചിട്ടില്ല. യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് 25.10.2024നകം കരാറിൽ ഏർപ്പെടുന്നതിന് ക്ലീൻ കേരള കമ്പനിയ്ക്ക് എ-1563/24/23.10.2024 നമ്പരായി കത്തുനൽകിയിട്ടുണ്ട്. മെഷീൻ വിതരണം ചെയ്ത സ്ഥാപനം ഹാജരാക്കിയ വാറന്റി സർട്ടിഫിക്കറ്റ് പ്രകാരം മെഷീന്റെ വാറന്റി മെഷീൻ സപ്ലൈ ചെയ്ത തീയതി മുതൽ മൂന്നുവർഷമാണ്. എന്നാൽ മെഷീൻ സ്ഥാപിച്ച് ഒരു വർഷം കഴിഞ്ഞിട്ടും യൂണിറ്റ് പ്രവർത്തിപ്പിക്കാത്തതിനാൽ സ്ഥാപനം അനുവദിച്ച വാറന്റി ആനുകൂല്യം ഫലപ്രദമായി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിൽ ഉള്ളത്. ഓഡിറ്റ് തീയതി വരെ ബെയ്‌ലിങ്ങ് മെഷീൻ യഥാവിധി സ്ഥാപിച്ച് ഉപയോഗപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഈ ഇനത്തിലുള്ള 389000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ബ്ലോക്ക് പഞ്ചായത്തിന്റെ താല്പര്യങ്ങൾ സംരംക്ഷിക്കുന്ന വിധത്തിൽ ക്ലീൻ കേരള കമ്പനിയുമായി കരാർ ചമച്ച് യൂണിറ്റ് ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നതിന് അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-24 വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷത്തൈ വിതരണം - അപാകതകൾ**

അസിസ്റ്റൻറ് ഡയറക്ടർ (കൃഷി), നിർവ്വഹണ ഉദ്യോഗസ്ഥയായി തൻവർഷം നടപ്പിലാക്കിയ നടപ്പിലാക്കിയ, 'വനിതാ ഗ്രൂപ്പുകൾക്ക് ഫലവൃക്ഷത്തൈ വിതരണം എന്ന പ്രോജക്റ്റ് പ്രകാരം ഫല വൃക്ഷത്തൈകൾ വനിതാ ഗ്രൂപ്പുകൾ വഴി വിതരണം ചെയ്യാൻ ലക്ഷ്യമിട്ടിരുന്നു. പ്രോജക്റ്റ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| പ്രോജക്റ്റ് നം. | SOO 95/24 | | |
| ഫണ്ട്<br>അടങ്കൽ | വികസന ഫണ്ട് - ജനറൽ<br>222188/- | മറ്റുള്ളവ<br>69062/- | ആകെ<br>291250/- |

| | | | |
|---|---|---|---|
| ചെലവ് | 222188/- | 52075/- | 274263/- |
| ബിൽ നം. | 1) 02/31.07.2023 : 97500/- + 300/- = 97800/-<br>2) 08/16.11.2023 : 3159/-<br>3) 13/16.03.2024 : 120929/-<br>4) 22/27.03.2024 : 300/- | | |

മേൽ പ്രോജക്ട് നിർവ്വഹണത്തിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**1. പദ്ധതി നടത്തിപ്പ് - സബ്സിഡി മാർഗ്ഗരേഖ പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിച്ചിട്ടില്ല.**

സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഫലവൃക്ഷത്തൈ വിതരണത്തിന്റെ ഗ്രൂപ്പ് അധിഷ്ഠിത പ്രോജക്ടുകൾ മാത്രമേ ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ നടത്താവൂ എന്നിരിക്കെ, വ്യക്തിഗതമായി വിതരണം നടത്തിയതായി കാണുന്നു. ഗ്രൂപ്പ് അടിസ്ഥാനത്തിൽ പ്ലാവിൻ തൈകൾ നട്ടുവളർത്തുന്നത് പ്രായോഗികമല്ലെങ്കിലും ഇക്കാര്യത്തിൽ ശരിയായ ബോധവൽക്കരണവും പ്രോത്സാഹനവും നൽകാൻ തൈകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ് ഉചിതം.

**2. ഗുണഭോക്തൃ വിഹിതം കണക്കാക്കിയതിൽ കുറവ്**

പ്ലാവിൻ തൈകൾ വാങ്ങിയതിന്റെയും തുക നൽകിയതിന്റെയും വിവരം ചുവടെ പട്ടികയിൽ ചേർക്കുന്നു.

| ക്രമ നം | വിളയുടെ പേര് | എണ്ണം | നിരക്ക് | തുക | ഇൻവോയിസ് നം. |
|---|---|---|---|---|---|
| 1 | വിയറ്റ്നാം സൂപ്പർ ഏർളി പ്ലാവ് | 650 | 200 | 130000/- | നം. 1070 Dt 14.06.23 |
| VFPCK, കോട്ടയം | | | | | |
| 2 | വിയറ്റ്നാം സൂപ്പർ ഏർളി പ്ലാവ്(12*15) | 975 | 150 | 146250/- | KTM2324/PI001 Dt 08.01.24 |
| ആകെ തുക | | 1625 | | 276250/- | |

ഫലവൃക്ഷത്തൈ വിതരണം (ജനറൽ) വിഭാഗത്തിനുള്ള സബ്സിഡി നിരക്ക് 75% വും ഗുണഭോക്തൃ വിഹിതം 25% എന്നിങ്ങനെ ആയിരിക്കേണ്ടതാണ്. മേൽ പദ്ധതിയിൽ രണ്ടു സ്ഥാപനങ്ങളിൽ നിന്നായി 1625 വിയറ്റ്നാം ഏർളി പ്ലാവിൻ തൈകൾ വാങ്ങിയിട്ടുണ്ട്. ചെലവായ ആകെ തുകയുടെ 25% കണക്കാക്കുമ്പോൾ 69062/- രൂപ ഗുണഭോക്തൃ വിഹിതമായി അടവാക്കേണ്ടിയിരുന്നതാണ്. എന്നാൽ 54251/- രൂപ മാത്രമാണ് ഗുണഭോക്തൃ വിഹിതമായി ബ്ലോക്ക് പഞ്ചായത്തിൽ അടവാക്കിയിട്ടുള്ളത്. ടി തുകയിൽ 52075/- രൂപ മാത്രമാണ് തൻവർഷം സ്ഥാപനങ്ങൾക്ക് കൈമാറിയത്.

3. അഗ്രോ സർവീസ് സെന്റർ, മാടപ്പള്ളി, VFPCK, കോട്ടയം എന്നീ സ്ഥാപനങ്ങളിൽനിന്ന് യഥാക്രമം 200/- രൂപ, 150/- രൂപ നിരക്കിലാണ് ഒരേയിനം തൈകൾ വാങ്ങിയത്. ഇപ്രകാരം വ്യത്യസ്ത നിരക്കിൽ തൈകൾ വാങ്ങിയതിന്റെ കാരണം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.11/14.11.24) മറുപടിയായി തൈകൾ വിതരണം ചെയ്തതിന് ശേഷമാണ് ഗുണഭോക്തൃ വിഹിതം സമാഹരിക്കുന്നതെന്നും ഇതിൽ കാലതാമസം നേരിട്ടതിനാൽ മേൽ പ്രോജക്ട് സ്പിൽ ഓവർ പദ്ധതിയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും, മാടപ്പള്ളി അഗ്രോസർവീസ് സെന്ററിൽ നിന്ന് 10×14" വലിപ്പമുള്ള ഒന്നരവർഷം പ്രായമായ തൈകളും VFPCK യിൽ നിന്ന് 6 മാസം പ്രായമായ 8×10 " വലിപ്പമുള്ള വിയറ്റ്നാം ഏർളി പ്ലാവിൻ തൈകളുമാണ് വാങ്ങിയിട്ടുള്ളത് എന്നും, ഈ വ്യത്യാസമാണ്

നിരക്കിലുള്ള വ്യത്യാസത്തിന് കാരണമെന്നും അറിയിച്ചിട്ടുണ്ട്. കൂടാതെ 15.12.24 ൽ നടന്ന എക്സിറ്റ് മീറ്റിംഗിൽ, വാർഡ് തലത്തിൽ രൂപീകരിച്ച സമിതികൾ വഴി വിതരണം ചെയ്യാനായി പഞ്ചായത്തിൽ നിന്നുള്ള ലിസ്റ്റുകൾ ആവശ്യപ്പെട്ടെങ്കിലും ലഭ്യമാകാൻ കാലതാമസം നേരിടുകയും വാർഡുതല വ്യക്തിഗത ലിസ്റ്റുകൾ ലഭ്യമാക്കുകയുമാണ് ചെയ്തതെന്നും ഗ്രൂപ്പ് അധിഷ്ഠിതമായി പ്ലാവിൻ തൈകൾ വളർത്തുന്നത് പ്രായോഗികമല്ലാത്തതിനാലാണ്, വ്യക്തിഗതമായി നൽകിയതെന്നും ബന്ധപ്പെട്ട അധികൃതർ അറിയിച്ചു.

ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ ഫലവൃക്ഷത്തൈ വിതരണ പദ്ധതികൾ രൂപീകരിക്കുമ്പോൾ ഒരു ഗ്രൂപ്പ് അധിഷ്ഠിതമായി ആവിഷ്കരിക്കുക എന്നതുകൊണ്ട്, ഒരുമിച്ച് കൃഷിചെയ്യുക എന്നതല്ല ഉദ്ദേശിച്ചിട്ടുള്ളത്. പദ്ധതി വിഭാവനം ചെയ്യുന്ന യഥാർത്ഥ ലക്ഷ്യം അർഹതപ്പെട്ട ഗുണഭോക്താക്കളിലേയ്ക്ക് കൃത്യമായി എത്തിച്ചേരുന്നുണ്ട് എന്നുള്ള ഉറപ്പ് വരുത്തുന്നതിനും ബോധവൽക്കരണവും പ്രോത്സാഹനവും നൽകുന്നതിനും ഗ്രൂപ്പ് അടിസ്ഥാനത്തിൽ തൈകൾ വിതരണ ചെയ്യുന്നതാണ് ഉചിതം . കൃത്യമായ ആസൂത്രണത്തിലൂടെ പദ്ധതികൾ രൂപീകരിക്കാൻ കൂടുതൽ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ഗുണഭോക്തൃ വിഹിതമായി പിരിച്ചെടുത്ത 54251/- രൂപയിൽ 2176/- രൂപ കുറവായി സ്ഥാപനങ്ങൾക്ക് കൈമാറിയതിന്റെ കാരണം വ്യക്തമാക്കേണ്ടതും, 25% നിരക്കിൽ ഗുണഭോക്തൃ വിഹിതം പൂർണ്ണമായി പിരിച്ചെടുത്ത് അടവാക്കേണ്ടതും, വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-25 പാടശേഖര സമിതികൾക്ക് പമ്പ് സെറ്റ് വാങ്ങൽ- പ്രോജക്ട് നിർവ്വഹണത്തിൽ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SOO 160/24 |
| പ്രോജക്ട് | വാകത്താനം ഗ്രാമപഞ്ചായത്തിലെ 16,17 വാർഡുകളിലെ പാടശേഖരങ്ങൾക്ക് പമ്പ് സെറ്റ് വാങ്ങൽ |
| ഫണ്ട് | വികസന ഫണ്ട് - ജനറൽ<br>അടങ്കൽ : 500000/-<br>ചെലവ് : 249250/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| ബിൽ നം. | 24/2023-24/27.03.2024 : 249250/- |
| റെയ്ഡ്കോ ഇൻവോയ്സ് നം. | KTM/1866/23-24/22.03.2024 : 249250/- |

വാകത്താനം ഗ്രാമപഞ്ചായത്തിലെ 16,17 വാർഡുകളിലെ പാട ശേഖര സമിതികൾക്ക് പമ്പ് സെറ്റ് വാങ്ങൽ എന്ന പ്രോജക്ടിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു

1) <u>വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല</u>

വാകത്താനം ഗ്രാമ പഞ്ചായത്തിലെ മണിയംപിടവം പാടം, മാളിയേക്കടവ് പാടം എന്നീ പാട ശേഖരങ്ങളിൽ വെള്ളം കയറ്റുന്നതിനും ഇറക്കുന്നതിനുമായി മോണോബ്ലോക്ക് പമ്പ്സെറ്റ് സ്ഥാപിക്കുന്നതിന് 500000/- രൂപ വകയിരുത്തിയിരുന്നു. ചെലവ് പത്രിക പ്രകാരം 249250/- രൂപയ്ക്ക് റെയ്ഡ്കോ കോട്ടയം ബ്രാഞ്ചിൽ നിന്നും 20HP യുടെ ഒരു മോണോബ്ലോക്ക് പമ്പ്സെറ്റ് വാങ്ങിയിട്ടുള്ളതായി കാണുന്നു. മേൽ പാട ശേഖരസമിതികളിൽ ഏത് പാടശേഖരസമിതിയ്ക്കാണ് പമ്പ്സെറ്റ് വിതരണം ചെയ്തത് എന്നത് സംബന്ധിച്ച വിതരണരേഖകൾ സൂക്ഷിച്ചിട്ടില്ല.

2) <u>പാടശേഖരസമിതിയുമായി കരാർ ചമച്ചിട്ടില്ല,</u>

പമ്പ്സെറ്റ് കൈപ്പറ്റിയ പാടശേഖരസമിതിയുമായി വ്യവസ്ഥകൾ ഉൾപ്പെടുത്തി കരാർ ചമയ്ക്കേണ്ടതാണെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. മുദ്രപ്പത്രം വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും

അതിൽ പാടശേഖരസമിതികളുടെ പേര് മാത്രമേ എഴുതിയിട്ടുള്ളൂ, മറ്റ് ക്രമപ്രകാരമുള്ള രേഖപ്പെടുത്തലുകൾ ഒന്നും തന്നെ നടത്തിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (നം.11/14.11.24) മറുപടിയായി, പമ്പ് സെറ്റ് വിതരണം ചെയ്യെങ്കിലും മുമ്പ് സ്ഥാപിച്ചിരുന്ന പെട്ടി പറ എന്നിവ പാടത്ത് പ്രവർത്തിച്ചുകൊണ്ടിരുന്നതിനാലാണ് പമ്പ്സെറ്റ് ഇൻസ്റ്റാൾ ചെയ്യാൻ സാധിക്കാതിരുന്നതെന്നും കൊയ്ത്തിന് ശേഷം ഇൻസ്റ്റാൾ ചെയ്തിട്ടുണ്ടെന്നും, പാടശേഖരസമിതിക്കാർ ഓഫീസിൽ ഏൽപ്പിച്ച കരാർ പത്രികയിൽ പൂർണ്ണവും കൃത്യവുമായ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുള്ളതാണെന്ന ധാരണയിലാണ് ഓഫീസിൽ വാങ്ങിവച്ചത് എന്നും അറിയിച്ചു.

രണ്ട് പാടശേഖര സമിതികളുടെയും പേരെഴുതിയ കരാർ പത്രിക ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായി കാണുന്നതിനാലും വിതരണം സംബന്ധിച്ച മറ്റു രേഖകൾ ഒന്നുംതന്നെ സൂക്ഷിച്ചിട്ടില്ലാത്തതിനാലും, കൊയ്ത്ത് കഴിയുന്നത് വരെ പമ്പ് സെറ്റ് വിതരണം ചെയ്തിരുന്നില്ലെന്ന് വ്യക്തമാണ്. ആയതിനാൽ പമ്പ്സെറ്റിന്റെ വാങ്ങൽ ആവശ്യാധിഷ്ഠിതമായിരുന്നോയെന്ന് ഉറപ്പിക്കാനാവുന്നില്ല. വിതരണ/കൈപ്പറ്റ് രേഖകൾ കൃത്യമായി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. ആധികാരികമായ കരാർ വ്യവസ്ഥകൾ കൂടാതെ മുദ്രപത്രം വാങ്ങി സൂക്ഷിച്ചത് സംബന്ധിച്ച് ലഭ്യമാക്കിയ മറുപടി അംഗീകരിക്കാവുന്നതല്ല. കരാർ പത്രികകൾ കൃത്യമാക്കി പകർപ്പ് ഓഡിറ്റിൽ ലഭ്യമാക്കേണ്ടതും, ഭാവിയിൽ കരാർ പത്രികകൾ കൃത്യമായ രേഖപെടുത്തലുകൾ നടത്തി സൂക്ഷിക്കുന്നുണ്ടെന്ന ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതുമാണ്.

### 1-26 കൃഷി കൂട്ടങ്ങൾക്ക് പച്ചക്കറി വിത്തുകൾ /തൈകൾ വിതരണം - പ്രോജക്ട് നിർവഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രോജക്ട് നം. | SOO 33/24 |
| പ്രോജക്ട് | കൃഷി കൂട്ടങ്ങൾക്ക് പച്ചക്കറി വിത്തുകൾ /തൈകൾ വിതരണം |
| ഫണ്ട് | വികസനഫണ്ട് – ജനറൽ<br>അടങ്കൽ : 70000/- ചെലവ് 70000/- |
| നിർവ്വഹണ ഉദ്യോഗസ്ഥ | അസിസ്റ്റന്റ് ഡയറക്ടർ (കൃഷി) |
| ബിൽ നം. | 1) 11/18.01.2024 : 8900/-<br>2) 05/16.11.2023 : 30400/-<br>3) 06/16.11.2023 :1 6200/-<br>4) 19/30.03.2024 : 14500/- |

കൃഷി കൂട്ടങ്ങൾക്ക് പച്ചക്കറി വിത്തുകൾ /തൈകൾ വിതരണം, എന്ന പദ്ധതി കർഷക കൂട്ടായ്മകൾക്ക് വിവിധ പച്ചക്കറി വിത്തുകൾ/തൈകൾ വിതരണം ചെയ്യാൻ ആവിഷ്കരിച്ച പദ്ധതിയാണ്. ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിതരണ രേഖകൾ സൂക്ഷിച്ചിട്ടില്ല

മേൽ പദ്ധതിയുടെ ഭാഗമായി മൂന്ന് സ്ഥാപനങ്ങളിൽ നിന്നാണ് പച്ചക്കറി വിത്തുകൾ/തൈകൾ വാങ്ങിയിട്ടുള്ളത്. എന്നാൽ ഇവ കൃത്യമായി കർഷക കൂട്ടായ്മകൾക്ക് വിതരണം ചെയ്തതു സംബന്ധിച്ച വിതരണ രേഖകൾ ഫയലിൽ ഉള്ളടക്കം ചെയ്തിട്ടില്ല. വാങ്ങിയ പച്ചക്കറി വിത്തുകൾ/തൈകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | വിളയുടെ പേര് | എണ്ണം | നിരക്ക് | തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| ഗുരുകൃപ ഹോർട്ടികൾച്ചറൽ നേഴ്സറി , വൈക്കം | | | | |
| 1 | കാബേജ് | 5000 | 3 | 15000/- |
| 2 | കോളിഫ്ലവർ | 5000 | 3 | 15000/- |
| 3 | തണ്ണിമത്തൻ | 1 | 400 | 400/- |
| ആകെ തുക | | | | 30400/- |
| ICAR – ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോർട്ടികൾച്ചറൽ റിസർച്ച് ബംഗളൂരു | | | | |
| 1 | തണ്ണിമത്തൻ | 26 (50ഗ്രാം പാക്കറ്റ്) | 600 | 15600/- |
| 2 | വെള്ളരിക്ക | 20 (4 ഗ്രാം പാക്കറ്റ് | 30 | 600/- |
| ആകെ തുക | | | | 16200/- |
| അഗ്രോ സർവ്വീസ് സെൻറ്റർ മാടപ്പള്ളി | | | | |
| 1 | നെയ് കുമ്പളം വിത്ത് | 725 പാക്കറ്റ് | 10 | 7250/- |
| 2 | മത്തൻ വിത്ത് | 725 പാക്കറ്റ് | 10 | 7250/- |
| ആകെ തുക | | | | 14500/- |

2. ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ല

കൃഷി കൂട്ടങ്ങൾക്ക് പച്ചക്കറി വിത്തുകൾ, തൈകൾ വിതരണം എന്ന പ്രോജക്ടിന്റെ ഭാഗമായി മുകളിൽ ചേർത്ത പട്ടികയിൽ പ്രതിപാദിച്ച് പ്രകാരം ഗുരുകൃപ ഹോർട്ടികൾച്ചർ നേഴ്സറി, വൈക്കം എന്ന സ്ഥാപനത്തിൽ നിന്ന് പച്ചക്കറി വിത്തുകൾ/ തൈകൾ 30400/- രൂപയ്ക്ക് വാങ്ങിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ടാക്സ് ഇൻവോയ്സ് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ചെലവഴിച്ച തുകയുടെ കൃത്യത ഉറപ്പുവരുത്തുവാൻ സാധിച്ചിട്ടില്ല.

3. കർഷക ഗ്രൂപ്പുകളുടെ വിവരം ലഭ്യമല്ല

പദ്ധതിയുടെ ഗുണഭോക്താക്കളായ കർഷക ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെ വിശദാംശങ്ങൾ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ഗ്രൂപ്പുകളെ തെരഞ്ഞെടുത്തതിന്റെ വിവരം, ഗ്രൂപ്പുകൾ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ എന്നിവ ഫയലിൽ ചേർത്തിട്ടില്ല. അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/14.11.24) മറുപടിയായി 2022-23 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട 'ഞങ്ങളും കൃഷിയിലേയ്ക്ക്' പദ്ധതിയുടെ ഭാഗമായി എല്ലാ വാർഡുകളിലും വാർഡ് മെമ്പർ അദ്ധ്യക്ഷനായി വാർഡുതല സമിതികൾ രൂപീകരിച്ചിട്ടുണ്ടെന്നും, ഇപ്രകാരം രൂപീകരിച്ച സമിതികൾ വഴിയാണ് തൈകളും പച്ചക്കറി വിത്തുകളും വിതരണം ചെയ്തതത് എന്നും, സമിതിയുടെ മേൽനോട്ടത്തിൽ എല്ലാ വീടുകളിലും കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായാണ് സമിതികൾക്ക് ഇവ വിതരണം ചെയ്തത് എന്നും, ഒരു സ്ഥലം പാട്ടത്തിനെടുത്ത് കൃഷി ചെയ്യുകയായിരുന്നില്ല അതിനാലാണ് ടാക്സ് ഇൻവോയ്സ് ഉൾപ്പെടുത്താതിരുന്നത് എന്നും അറിയിച്ചിട്ടുണ്ട്.

എല്ലാ വീടുകളിലും കൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി മേൽ സൂചിപ്പിച്ച പ്രകാരം പച്ചക്കറി വിത്തുകൾ വിതരണം നടത്തുന്നത് ഉചിതമാണ്. എന്നിരുന്നാലും സർക്കാർ തലത്തിൽ നടത്തുന്ന പ്രവർത്തനങ്ങൾ അർഹതപ്പെട്ടവരിലേയ്ക്ക് കൃത്യമായി എത്തിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്താൻ വിതരണ രജിസ്റ്റർ സൂക്ഷിക്കേണ്ടത് അത്യാവശ്യമാണ്. സ്ഥാപനങ്ങളിൽ നിന്ന് വാങ്ങലുകൾ നടത്തുമ്പോൾ വാങ്ങുന്നയാളും വില്പനക്കാരനും തമ്മിലുള്ള ഇടപാട് വിവരം വ്യക്തമാക്കുന്ന ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിക്കേണ്ട പ്രധാനരേഖയാണ്. ചരക്കുകളുടെയോ സേവനങ്ങളുടെയോ അളവും വിലയും ബാധകമായ ഏതെങ്കിലും

നികുതികളും അടയ്ക്കേണ്ട മൊത്തം തുകയും ഉൾപ്പെടെയുള്ള വില്പന വിശദാംശങ്ങൾ ടാക്സ് ഇൻവോയ്സിലൂടെ മാത്രമേ വ്യക്തമാവൂ. മേൽ പദ്ധതിയുടെ വാങ്ങലുകൾ നടത്തിയതിന്റെ ടാക്സ് ഇൻവോയ്സ് ഫയലിൽ സൂക്ഷിക്കേണ്ടതും ഓഡിറ്റിൽ ലഭ്യമാക്കേണ്ടതുമാണ്. കൂടാതെ മേൽ പ്രോജക്ട് നിർവ്വഹണത്തിലൂടെ ലക്ഷ്യമിട്ട വിധം പച്ചക്കറി ഉല്പ്പാദനം എത്രത്തോളം സാധ്യമായി എന്ന് വ്യക്തമാക്കുന്ന മോണിറ്ററിങ്ങ് കമ്മറ്റി റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

ബ്ലോക്ക് പഞ്ചായത്തിന്റെ 2023-24 വാർഷിക ധനകാര്യപത്രിക, പഞ്ചായത്ത് ഭരണസമിതി 18.06.2024 -ലെ 2(1) നം. തീരുമാന പ്രകാരം അംഗീകരിച്ച്, എയിംസ് വെബ് പോർട്ടൽ മുഖേനയും, സെക്രട്ടറിയുടെ ബി-629/24 നം. കത്ത് പ്രകാരം തപാലിലും ഓഡിറ്റിന് ഹാജരാക്കിയിരുന്നു. ധനകാര്യ പത്രിക, 12.11.2024 തീയതിയിൽ പരിശോധിച്ച് വിശേഷണങ്ങളോട് കൂടിയ സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യ പത്രിക ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ്, റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, 31.03.2024-ലെ ബാലൻസ് ഷീറ്റ് എന്നിവയുടെ സംക്ഷിപ്തം അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു

### 4-2 സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം

പി എം എ വൈ ഭവന നിർമ്മാണപദ്ധതി എന്ന 61/2024(SCP) നമ്പർ പ്രോജക്ടിന് മാടപ്പള്ളി, പായിപ്പാട് എന്നീ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് യഥാക്രമം 70000/- രൂപ വീതം ആകെ 140000/- രൂപ ലഭിച്ചത് തൻ വർഷം പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ട്

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നലകിയ തുകയുടെ വിവരങ്ങൾ

സുലേഖ ചെലവ് പത്രിക പ്രകാരം, ഓഡിറ്റ് വർഷം നിക്ഷേപ പ്രവൃത്തികൾക്കായി, മുൻകൂർ നൽകിയിട്ടുള്ള തുകകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | മുൻകൂർ നൽകിയ തുക (Rs.) | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| **കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി** | 159/24 വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 499936 | 0 | 499936 |

| | | | | |
|---|---|---|---|---|
| | (വാകത്താനം) | | | |
| | 130/24 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ(തൃക്കൊടിത്താനം, ചങ്ങനാശ്ശേരി) | 372858 | 372858 | 0 |
| | 128/24കോട്ടമുറി ഡിവിഷൻ – വിവിധ വാർഡുകളിൽ കെഎസ്ഇബി ലൈൻ എക്സ്റ്റെൻഷൻ | 300000 | 0 | 300000 |
| **ബോർഡ്** | 44/24 കുറുമ്പനാടം ഡിവിഷൻ – വിവിധ വാർഡുകളിൽ ലൈൻ ദീർഘിപ്പിക്കൽ | 500000 | 0 | 500000 |
| | 47/24 തെങ്ങണ ഡിവിഷൻ – വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | 500000 | 0 | 500000 |
| | 48/24മാമ്മൂട് ഡിവിഷൻ – വിവിധ വാർഡുകളിൽ ലൈൻ എക്സ്റ്റെൻഷൻ | 500000 | 0 | 500000 |
| | 70/24 വനിത ഭക്ഷ്യസംസ്കരണ യൂണിറ്റ് ഇലക്ട്രിഫിക്കേഷൻ | 34125 | 34125 | 0 |
| | 127/24 പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് യൂണിറ്റ് – വൈദ്യുതലൈൻ സ്ഥാപിക്കൽ | 19662 | 19662 | 0 |
| | **ആകെ** | 2726581 | 426645 | 2299936 |
| **ഭൂജല വകുപ്പ്** | 37/24 മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് വിവിധ ഡിവിഷനുകളിൽ കുടിവെള്ളപദ്ധതി | 899800 | 0 | 899800 |
| | **ആകെ** | 3626381 | **426645** | 3199736 |

**4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ**

2023-34 സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

**4-5 വായ്പ/വായ്പ തിരിച്ചടവ്**

2023-24 വർഷത്തെ ധനകാര്യ പത്രിക പ്രകാരം വായ്പയിനത്തിൽ ബ്ലോക്ക് പഞ്ചായത്തിന് വരവില്ല.

**4-6 സ്ഥിര നിക്ഷേപം**

2023-24 വർഷത്തെ ധനകാര്യ പത്രിക 31.03.2023 ബാലൻസ് ഷീറ്റ് പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് സ്ഥിരനിക്ഷേപങ്ങൾ ഇല്ല.

**4-7 ഓഡിറ്റ് റിക്കവറി**

2023-2024 വർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ ലഭിച്ച 18550/- രൂപയുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നം. | ഒടുക്കിയ തുക | ഒടുക്കിയ വ്യക്തി | ചെക്ക് നം/തീയതി |
|---|---|---|---|---|
| 2022-23 | 1-17 | 18550 | മെഡിക്കൽ ഓഫീസർ CHC | 963069തീ31-01-2024 SBI |

**4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-7 | 2010-11 | 2-14 | കേരള വാട്ടർ അതോറിറ്റിയിൽ തുക നിക്ഷേപിച്ചത് | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2012-13, 2013-14 | | 2014-15 | 4.1.5 | എസ് സി വനിതാ പരിശീലന കേന്ദ്രം – നിഷ്ക്രിയ ആസ്തി | |

**4-9 ചാർജ് /സർചാർജ് നടപടികൾ തുടരുന്ന ഖണ്ഡികകൾ**

മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 പ്രകാരം, ചാർജ്/സർചാർജ് നടപടികൾ തീർപ്പാക്കാനുള്ള ഖണ്ഡികകൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | തുക | വിഷയം | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 2018-19 | 3-1 | 150,600/- | സ്കൂളുകൾക്ക് ലാപ്ടോപ്പ്, പ്രോജക്ടർ, സ്ക്രീൻ എന്നിവ വാങ്ങൽ. സർക്കാർ ഉത്തരവ് പാലിച്ചില്ല. | ശ്രീമതി ചന്ദ്രിക ബി., (സെക്രട്ടറി) കാരയക്കാട്ട് സഹസ്രാരം, മാടപ്പള്ളി പി.ഒ., ചങ്ങനാശ്ശേരി |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് [മുന്നിരിപ്പ് ഉൾപ്പെടെ] (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 56382213 |
| ആകെ വരുമാനം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 41379098 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് (റസീപ്റ്റ് & പെയ്മെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം) | : | 54453623 |
| ആകെ ചെലവ് (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം) | : | 39435714 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | **4343646** |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 2699800<br>499936 | ശ്രീ.ഷാജി ജേക്കബ്, സെക്രട്ടറി<br>എറിക് ജെ സഖറിയ,സെക്രട്ടറി |
| 1-16 | 754910 | ശ്രീ.സെബാസ്റ്റ്യൻ ഡൊമിനിക്, വ്യവസായ വികസന ഓഫീസർ |
| 1-23 | 389000 | ഷാജി ജേക്കബ്, സെക്രട്ടറി |
| **ആകെ** | **4343646** | |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**

ബാധകമല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച | തീർപ്പാക്കാൻ |
|---|---|---|

| | ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | നം.എൽ.എഫ്.കെ.പി.15/അദാ /816(13)/18/ 8.5.18 (FR) | 4 |
| 1999-00 | നം.എൽ.എഫ്.കെ.പി.15/അദാ /816(5)/18/ 8.5.18 (FR) | 9 |
| 2001-02 | നം.എൽ.എഫ്.കെ.പി.15/അദാ /816(4)/18/ 8.5.18 (FR) | 3 |
| 2002-03 | നം.എൽ.എഫ്.കെ.പി.3/770 /13/30.10.13/ 5.11.13 (FR) | 4 |
| 2003-04 | നം.എൽ.എഫ്.കെ.പി.15/അദാ /816(5)/18/ 8.5.18 (FR) | 3 |
| 2004-05 | നം.എൽ.എഫ്.കെ.പി.15/അദാ /816(6)/18/ 8.5.18 (FR) | 2 |
| 2006-07 | നം.എൽ.എഫ്.കെ.പി.15/അദാ/18(8)/18/ 6.5.21 (FR) | 6 |
| 2007-08 | നം.എൽ.എഫ്.കെ.പി.3/770/13/31.1.14 (FR) | 4 |
| 2008-09 | നം.എൽ.എഫ്.കെ.പി.15/അദാ /816(9)/18/ 8.5.18 (FR) | 2 |
| 2009-10 | നം.എൽ.എഫ്.കെ.പി.15/അദാ /816(5)/18/ 8.5.18 (FR) | 5 |
| 2010-11 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(11)/18/ 8.5.18 (FR) | 12 |
| 2011-12 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(12)/18/ 8.5.18 (FR) | 2 |
| 2012-13 | നം.എൽ.എഫ്.കെ.പി.15/അദാ /816(13)/18/ 8.5.18 (FR) | 4 |
| 2013-14 | നം.എൽ.എഫ്.കെ.പി.15/അദാ /816(14)/18/ 8.5.18 (FR) | 5 |
| 2014-15 | നം.എൽ.എഫ്.കെ.പി.15/അദാ/816/18/ 8.5.18 (FR) | 1 |
| 2015-16 | നം.എൽ.എഫ്.കെ.പി.15/അദാ/ 816(16)/18/ 8.5.18 (FR) | 3 |
| 2016-17 | നം.കെ.എസ്.കെ.ടി.എം.പി.15/380/18/ 4.9.2020 (FR) | 11 |
| 2017-18 | നം.കെ.എസ്.കെ.ടി.എം.പി.15/1866/18/ തീ. 14.11.18 (FR) നം. പി.15/126/19 തീ. 15/02/19 | 10 |
| 2018-19 | നം.കെ.എസ്.കെ.ടി.എം.പി.15/1781/19/ | 13 |

| | | |
|---|---|---|
| | തീ. 28.01.20 (FR തീ. 12.09.22) | |
| 2019-20 | നം.കെ.എസ്.കെ.ടി.എം.പി.15/779/22/ 20.05.2022 (FR തീ. 20.03.24) | 16 |
| 2020-21 | നം.കെ.എസ്.കെ.ടി.എം.പി.15/780/22/ 24.05.2022 (FR തീ. 20.05.23) | 26 |
| 2021-22 | നം.കെ.എസ്.കെ.ടി.എം.പി.15/2426/22/ 28.12.2022 | 32 |
| 2022-23 | നം.കെ.എസ്.കെ.ടി.എം.പി.15/1491/23 തീ. 15.09.23 (അനന്തര റിപ്പോർട്ട് പുറപ്പെടുവിച്ച തീയതി - 21.02.24) (അനന്തരക്കുറിപ്പ് നം. പി15/1491/23 തീ. 21.08.24) | 20 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം**

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 18-06-2024 and submitted on 21-06-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03- 2024 , with supporting forms, of the Madappally Block Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Madappally Block Panchayat as on 31-03-2024

Date: 29/11/2024

Senior Deputy Director
District Office Kottayam
Kerala State Audit Department

## Audit Report appended to the Audit Certificate of Madappally Block Panchayat for the Year 2023-2024 .

**1.Major Observations**

1) Basic records were not made available to verify the accuracy of General Fund and Capital Reserves of the Panchayat as on 31.03.2024.

2) Asset Register has not been updated. The existance of public assets such as Micro Hydel Project (valued at Rs. 40.74 Lakhs) and Electricity Street Light (valued at Rs. 11.62 Lakhs) could not be verified and hence subject to confirmation.

**2.Other Observations**

1) Advance register, Deposit register, Government/Other dues register etc, has not been maintained in support of the amount shown as per the respective schedules of Balance Sheet.

2) The accuracy of the provision for the depreciation could not be verified in the absence of calculation sheet in this regard.

3) Transactions regarding MGNREGS, is not seen routed through the AFS.

4) Amount of part bills not properly accounted as capital work in progress.

5) Amount deposited to various implementing agencies such as KSEB / KWA etc, remains to be settled not seen fully reflected in the respective schedule. There exist a risk of capitalisation of civil advance, by transfer to
respective asset head, without obtaining authentic utilisation certificate.

**Senior Deputy Director**
**District Office Kottayam**
**Kerala State Audit Department**

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്